# ക്രിസ്ത്യൻ വേൾഡ്

ക്രൈസ്തവ മാധ്യമം

2017 ആഗസ്റ്റ് 1 | വാല്യം 12 | ലക്കം 8 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8


## യേശുവിന്റെ ശരീരം പൊതിഞ്ഞതെന്നു കരുതുന്ന തുണിയിൽ രക്തത്തിന്റെ അടയാളങ്ങൾ

റ്റ്യൂറിൻ കച്ച യേശുക്രിസ്തുവിന്റെ പങ്കപ്പാടുകൾക്കു തെളിവുനൽകുന്നുവെന്ന് ഏറ്റവും അടുത്തകാലത്തു നടന്ന പഠനങ്ങൾ വെളിവാക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്റ്റാലോഗ്രഫിയിലെ ഗവേഷകരാണു യേശുവിന്റെ ശരീരം പൊതിഞ്ഞതെന്നു കരുതുന്ന തുണിയിൽ രക്തത്തിന്റെ അടയാളങ്ങൾ കണ്ടെത്തിയത്. ലിനൻ തുണിയിലെ അതിസൂക്ഷ്മമായ രക്തകണികകൾ അതികഠിനമായ യാതനയനുഭവിച്ച വ്യക്തിയുടെ ശവക്കച്ചയാണെന്നു തെളിയിക്കുന്നവയാണെന്നു ഗവേഷകനായ എൽവിയോ കാർലിനോ പറയുന്നു.

ആറ്റങ്ങളുടെയും മോളിക്യൂളുകളുടെയും ക്രമസംവിധാനത്തെക്കുറിച്ചു പഠിക്കാനുള്ള സൗകര്യമുള്ള സ്ഥാപനമാണു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്റ്റലോഗ്രഫി. ഈ വസ്ത്രത്തിൽ കാണുന്ന അതിസൂക്ഷ്മ കണികകൾക്കു പ്രത്യേകതരം ഘടനയും വലിപ്പവും വിന്യാസവുമുണ്ട്. അവയെക്കുറിച്ചുള്ള പഠനത്തിൽ നിന്നാണ് അവ ആരോഗ്യമുള്ള ഒരാളുടെ രക്തത്തിലെ അതിസൂക്ഷ്മ കണികയെന്നു വെളിപ്പെടുത്തുന്നത്. ഇവയിൽ ക്രിയാറ്റിനിൻ, ഫെറിറ്റിനിൻ എന്നിവ കൂടുതലുള്ളതായി കാണുന്നു. ബലപ്രയോഗത്തിലൂടെ കഠിനമായി പീഡനമനുഭവിച്ച ആളുടെ രക്തത്തിലാണ് അവ രണ്ടും കാണുന്നത്.



അതിനാൽ ഞങ്ങളുടെ പരീക്ഷണങ്ങളിൽ ഒരു ജീവശാസ്ത്രപരമായ അതിസൂക്ഷ്മകണങ്ങളുടെ സാന്നിധ്യം അതിദാരുണമായി മരണം കൈവരിച്ച ഒരാളുടെ ശരീരം പൊതിഞ്ഞ വസ്ത്രമാണിതെന്ന നിഗമനത്തിലേക്കു നയിക്കുന്നു- പ്രൊഫ. ഗിയോലിയോ ഫാന്റി പറയുന്നു. യേശുക്രിസ്തുവിന്റെ ക്രൂശീകരണവുമായി ബന്ധപ്പെട്ട അതിപുരാതന തെളിവുകളിലൊന്നാണ് ഈ കച്ച.

## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ യുവജന ക്യാമ്പ് കുട്ടിക്കാനത്ത്

**പുനലൂർ:** ഏ.ജി മലയാളം ഡിസ്ട്രിക്ട് കൗൺസിൽ യുവജനവിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ (CA) വാർഷിക യുവജന ക്യാമ്പ് സെപ്റ്റംബർ 5 ചൊവ്വ മുതൽ 8 വെള്ളി വരെ ഇടുക്കി ജില്ലയിലെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആൻഡ് ടെക്നോളജിയിൽ നടക്കും.

5 ചൊവ്വ രാവിലെ 10 മണിക്ക് ഏ.ജി എക്സിക്യൂട്ടീവ് കമ്മറ്റിയംഗം റവ. എ.എ ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പ്രസ്തുത സമ്മേളനത്തിൽ സി.എ വൈസ് പ്രസിഡന്റ് റവ. ഷിജു വർഗീസ് അദ്ധ്യക്ഷനായിരിക്കും.

ആസ്പിലോസ് (ലോകത്താലുള്ള കളങ്കം പറ്റാതെ നിങ്ങളെത്തന്നെ സൂക്ഷിക്കുക) എന്ന വിഷയത്തെ ആസ്പദമാക്കി അനുഗ്രഹീതരും വചനപരിജ്ഞാനമുള്ളവരുമായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നതാണ്.

പാസ്റ്റർ പ്രഭാ ടി. തങ്കച്ചൻ (ഫസ്റ്റ് ഏ.ജി കുവൈറ്റ്) പാസ്റ്റർ അനിൽ അലക്സാണ്ടർ (മുബൈ) എന്നിവർ പ്രധാന പ്രസംഗകരായിരിക്കും.

റവ. പി.എസ്. ഫിലിപ്പ് (ഏ.ജി മലയാളം ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ട്), റവ. ബിനോയ് പി.ഏബ്രഹാം (ചെയർമാൻ IAG UK & Europe) എന്നിവരും പ്രധാന യോഗങ്ങളിൽ ശുശ്രൂഷിക്കുന്നതാണ്.

കൂടാതെ ഏ.ജി. മേഖല ഡയറക്ടര്മാരായ റവ. ടി.വി പൗലോസ്, റവ. പി. ബേബി, റവ. കെ.വൈ. വിൽഫ്രഡ് രാജ് എന്നിവരും റവ. സജിമോൻ ബേബി (കൊട്ടാരക്കര)യും വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

റവ. ലിൻസൺ പി. സാമുവേൽ (എസ്.ഐ.ഏ.ജി സി.എ. പ്രസിഡന്റ്), പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), ഇവാ. ഷാജൻ ജോൺ ഇടയ്ക്കാട് (ത്സാർഖണ്ഡ്), ഇവാ. ജിഫി യോഹന്നാൻ (ഐ.സി.പി.എഫ് എറണാകു

(ശേഷം പേജ് 4)

## ഐപിസി നോർത്തേൺ റീജിയൻ കൺവൻഷനും ശുശ്രൂഷക സമ്മേളനവും

**ന്യൂഡൽഹി:** ഐപിസി നോർത്തേൺ റീജിയൻ 47-ാമതു ജനറൽ കൺവൻഷനും ശുശ്രൂഷക സമ്മേളനവും ഒക്ടോബർ 4- 8 വരെ ജൻഡവല, റാണി ജാൻസി റോഡിലുള്ള അംബേദ്കർ ഭവനിൽ നടക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ സാമുവേൽ ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബാബു ചെറിയാൻ, ഡോ. അബി ചന്ദ്രാ സേട്ടിയ എന്നിവർ പ്രധാന പ്രസംഗകരായിരിക്കും. റീജിയനിലെ സീനിയർ ശുശ്രൂഷകരും പ്രസംഗിക്കും. 'ശിഷ്യരെ വാർത്തെടുക്കുക' എന്നതാണു ചിന്താവിഷയം.

സുവിശേഷയോഗം, ശുശ്രൂഷക സെമിനാർ, ശുശ്രൂഷക സമ്മേളനം,



*സാമുവേൽ ജോൺ*



*ബാബു ചെറിയാൻ*



*അബി ചന്ദ്രാ സേട്ടിയ*

സണ്ടേസ്കൂൾ-യുവജനസമ്മേളനം, സോദരി സമാജം വാർഷികം, പ്രതിനിധി സമ്മേളനം എന്നിവ നടക്കും. ഞാറാഴ്ച സംയുക്ത സഭായോഗത്തോടെ സമാപിക്കും. ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും നേപ്പാളിൽ നിന്നുമുള്ള പാസ്റ്റർമാരും സഭാപ്രതിനിധികളും കൺവൻഷനിൽ പങ്കെടുക്കും. പെർസിസ് ജോൺ നയിക്കുന്ന സയോൺ സിങ്ങേഴ്സ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ പി.എം. ജോൺ, ലാജി പോൾ, സാമുവേൽ തോമസ്, തോമസ് സാമുവേൽ, ബ്രദർ എം. ജോണിക്കുട്ടി എന്നിവർ നേതൃത്വം നൽകും.

## പിവൈസി സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനം ആഗസ്റ്റ് ആറിന് തിരുവല്ലായിൽ

**തിരുവല്ല:** പെന്തക്കോസ്തു യുവജനങ്ങളുടെ ഐക്യവേദിയായ പെന്തക്കോസ്ത് യൂത്ത് കൗൺസിലിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് ആറിനു തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. വിവിധ സഭകളുടെ യുവജനപ്രസ്ഥാനങ്ങളിൽ ഇപ്പോൾ നിലവിൽ വന്ന സംസ്ഥാന നേതാക്കളെയും മുഖ്യ പ്രവർത്തകരെയും ആദരിക്കും. പിവൈസി പത്തനംതിട്ട ജില്ലാ കമ്മിറ്റിയുടെ രൂപികരണത്തോടൊപ്പം സംസ്ഥാന തലത്തിൽ പുതുതായി തെരെഞ്ഞെടുക്കപ്പെട്ടവരെ സമൂഹത്തിന് പരിചയപ്പെടുത്തുകയും ചെയ്യും.

പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇൻഡ്യയുടെ പുത്രികാ സംഘടനയായി കഴിഞ്ഞ ഫെബ്രുവരി മാസത്തിലാണ് പിവൈസി രൂപം കൊണ്ടത്. യുവജനങ്ങളിലെ ആത്മിക മുന്നേറ്റത്തിനൊപ്പം ബൈബിൾ സത്യങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് സാമുഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളിൽ വ്യക്തമായി പ്രതികരിക്കുകയും ക്രീയാത്മകമായി ഇടപെടുകയുമാ

(ശേഷം പേജ് 7)

## കൊച്ചുപ്പാപ്പൻ




## പാസ്റ്റർ ഭക്തവത്സലൻ നയിക്കുന്ന സ്നേഹസോപാനം മ്യൂസിക്ഫെസ്റ്റ് ആരംഭിച്ചു

പ്രശസ്ത സംഗീതജ്ഞൻ പാസ്റ്റർ. ഭക്തവത്സലൻ നയിക്കുന്ന സ്നേഹസോപാനം മ്യൂസിക് ഫെസ്റ്റ് ആരംഭിച്ചു. ആഗസ്റ്റ് 15 വരെ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടക്കും. യുഎഇയിൽ നിന്നുള്ള 8 അംഗ ടീമിനോടൊപ്പം കേരളത്തിലെ സംഗീത ശുശ്രൂഷകന്മാരും ചേർന്ന് അവതരിപ്പിക്കുന്ന സംഗീത ശുശ്രുഷയിൽ പാസ്റ്റർ ഭക്തവത്സലനോടൊപ്പം പ്രശസ്ത ഗായകരായ ബിനോയ് ചാക്കോ, മാത്യു ജോൺ, ഇമ്മാനുവേൽ ഹെൻറി, സിബി ഫിലിപ്പ്, വി.ജെ. ട്രാവൻ, നിർമ്മല പീറ്റർ, ജിജി സാം, ബീന ഭക്തൻ എന്നീവരും ഗാനങ്ങൾ ആലപിക്കും. ആഗസ്റ്റ് 15 ന് ബാംഗ്ലൂരിൽ ആണ് സമാപന മീറ്റിംഗ് നടക്കുന്നത്.

സംഗീതത്തിന്റെ സമസ്ത മേഖലകളിലും 46 വർഷമായി തനതു വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം രചനയും സംഗീതവും നിർവ്വഹിച്ചിട്ടുള്ള ഗാനങ്ങളാണ് മ്യൂസിക് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 'പരിശുദ്ധൻ മഹോന്നത ദേവൻ, പാടുവാൻ എനിക്കില്ലിനി ശബ്ദം, ആരാധ്യനെ, മായയാമിലോകം, കനിവേറും യേശുനാഥാ, ഉയർന്നിതാ വാനിൽ' തുടങ്ങി 250 ലധികം ഗാനങ്ങൾ ഇന്നും മലയാളി ക്രൈസ്തവരുടെ മനസ്സിൽ ആത്മ ചൈതന്യത്തിന്റെ അലകൾ ഉയർത്തി മായാതെ കിടക്കുന്നു. ഇവയിൽ മിക്കവയും പിന്നിട്ട വഴികളിലെ ജീവിതാനുഭവങ്ങളിൽ നിന്നും ജന്മം കൊണ്ടവയാണ്.



ഇന്ത്യ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റിന്റെ സംഗീത വിഭാഗമായ ഹാർട്ട് ബീട്സിന്റെ സ്ഥാപക ഡയറക്ടറായി ദീർഘവർഷം പ്രവർത്തിച്ച അദ്ദേഹം ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള ബേർശേബാ മിനിസ്ട്രിയുടെ ഇന്ത്യയിലെ ഡയറക്ടറാണ്.

സ്നേഹസോപാനം മ്യൂസിക് ഫെസ്റ്റ് ജനറൽ കൊ- ഓർഡിനേറ്ററായി ബ്രദർ റ്റി.എം. മാത്യു, പ്രോഗ്രാം കൊ- ഓർഡിനേറ്റർ പാസ്റ്റർ ബിനു ജോസഫ് വടശ്ശേരിക്കര കൂടാതെ കൺവീനേഴ്സായി റ്റി.എഫ്. ജെയിംസ്, ടോണി ഡി. ചൊവ്വൂക്കാരൻ തുടങ്ങിയവരും നേതൃത്വം നല്കുന്നു. ക്രൈസ്തവ എഴുത്തുപുരയാണ് മീഡിയ പാർട്ട്നർ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9447350038, 7829344049.

# ക്രിസ്ത്യൻ വേൾഡ്

1192 കർക്കിടകം - ചിങ്ങം


## സ്വാതന്ത്ര്യം തന്നെ അമൃതം

സ്വാതന്ത്ര്യം തന്നെ ജീവതം സ്വാതന്ത്ര്യം തന്നെ അമൃതം പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്നു കവി രചിച്ചിരിക്കുന്നു. സ്വാതന്ത്ര്യമില്ലാതെ ജീവിക്കേണ്ടിവരുന്നത് മരണത്തെക്കാൾ ഭീതികരമാണ് എന്നാണ് കവി വ്യക്തമാക്കിയിരിക്കുന്നത്. അടിമയായിരിക്കുവാൻ ആഗ്രഹിക്കുന്ന ആരും ഉണ്ടാകില്ല. എല്ലാവർക്കും സ്വതന്ത്രരായിരിക്കാനാണ് ഇഷ്ടം. സാമ്രാജ്യ ശക്തികളുടെ അധീശത്വത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ നിരവധി ചരിത്രങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. പാരതന്ത്ര്യത്തിന്റെ അന്ധകാരത്തിൽ നിന്നും വിമോചനം ആവശ്യമാണ് എന്ന് തിരിച്ചറിഞ്ഞ ബാലഗംഗാധര തിലക് വൈദേശികരോട് വിളിച്ചുപറഞ്ഞു, സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഈ വാക്കുകൾ ദേശാഭിമാനികളായ നിരവധി യുവാക്കളെ കർമ്മോത്സുകരാക്കി. തോക്കിനും പീരങ്കിക്കും മുന്നിൽ നെഞ്ചുവിരിച്ചു ശിരസ്സുയർത്തി അവർ ഏകസ്വരത്തിൽ വിളിച്ചു പറഞ്ഞു, സ്വാതന്ത്ര്യം ഞങ്ങളുടെ ജന്മാവകാശമാണ്. ഇന്ന് നാം സ്വതന്ത്രരാണ്. എന്നാൽ ഏല്ലാ അർത്ഥത്തിലും സ്വതന്ത്രരാണെന്ന് പറയുവാൻ കഴിയുമോ.

മനുഷ്യൻ സ്വതന്ത്രനാകാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഴാങ് പോൾ സാത്രേ പറഞ്ഞത്. എന്നാൽ മനുഷ്യനു യഥാർത്ഥ സ്വാതന്ത്ര്യം നൽകുന്നത് ആരാണ്. സാക്ഷാൽ സ്വാതന്ത്ര്യം എന്താണ് എന്നെല്ലാം ചിന്തിക്കേണ്ടിയിരിക്കുന്നു.സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി (ഗലാ. 5:1). ക്രിസ്തുവിലൂടെ ലഭ്യമാകുന്ന സ്വാതന്ത്ര്യത്തെയാണ് പൗലൊസ് വ്യക്തമാക്കുന്നത്. ആത്മീയ സ്വാതന്ത്ര്യത്തിന്റെ സമഗ്രത ക്രിസ്തുവിലൂടെയാണ് നിവർത്തിക്കപ്പെട്ടത്.

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കാണ് ആത്മീയ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തിരിക്കുന്നത്. ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയതിനാൽ വീണ്ടും അടിമനുകത്തിൽ കീഴിലാകരുത്. ലഭിച്ച സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കണം. രക്ഷിക്കപ്പെടാത്ത മനുഷ്യൻ പാപത്തിനും അശുദ്ധിക്കും അടിമയാണ് (യോഹ. 8: 34. റോമ. 6: 17-20). പാപത്തിന്റെ ദാസ്യത്തിലായിരിക്കുന്നവർക്കു സാത്താന്റെ ഹിതവും ജഡമോഹങ്ങളും മാത്രമേ അനുസരിക്കുവാൻ കഴിയൂ (എഫെ. 2:1-3). യേശു ക്രിസ്തു വന്നതു പിശാചിന്റെ പ്രവർത്തികളെ അഴിക്കാനാണ് (യോഹ. 3:8). ദൈവം തന്റെ ജനത്തിന്മേൽ പകർന്നിരിക്കുന്ന ആത്മാവ് പുത്രത്വത്തിന്റേതാണ്. ദാസ്യത്തിന്റേതല്ല (റോമ. 8:15,16; 2 കൊരി. 3:17). ക്രിസ്തുവിലുള്ള രക്ഷയും തന്നിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപയിലുമുള്ള ഒരു യഥാർത്ഥ വിശ്വാസി പാപത്തിന്റെ ശക്തിയിൽ നിന്നും അസാന്മാർഗികത്വത്തിൽ നിന്നും സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു

(റോമ. 6:17-22, 8:1-17). പാപം ചെയ്യുന്നതിനുള്ള പരീക്ഷയെ അഭിമുഖികരിക്കുമ്പോൾ, ദൈവഹിതപ്രകാരം പ്രവർത്തിക്കുന്ന വ്യക്തിയെ പരിശുദ്ധാത്മാവ് ശക്തീകരിക്കും. ദൈവഹിതത്തിനായി സ്വയം അടിമയാകുവാനുള്ള സ്വാതന്ത്ര്യമാണ് ആത്മിക സ്വാതന്ത്ര്യമെന്നതിനാൽ അർത്ഥമാക്കുന്നത്. ആത്മിക സ്വാതന്ത്ര്യത്തിലൂടെ പാപത്തിനെതിരായ പോരാട്ടത്തിൽ നിന്നും സ്വതന്ത്രരായിരിക്കുന്നു എന്നല്ല അർത്ഥം. ജീവിതകാലം മുഴുവനും ലോകത്തിന്റെയും ജഡത്തിന്റെയും സമ്മർദ്ദങ്ങൾ ദൈവമക്കൾക്കുണ്ടാകും. അതിനെതിരെ നിരന്തരം പോരാടണം (ഗലാ. 5:17). ജീവിത വിശുദ്ധീകരണത്തിനു വേണ്ടിയാണ് ആത്മീയ സ്വാതന്ത്ര്യം നൽകിയിരിക്കുന്നത്. ആത്മാവിനെ അനുസരിക്കുമ്പോൾ ജഡാഭിലാഷങ്ങളിൽ നിന്നും സ്വതന്ത്രരാകും (ഗലാ. 5:16-24).

ക്രിസ്തുവിലൂടെ ലഭിച്ച സ്വാതന്ത്ര്യം ജഡത്തിനു വിധേയപ്പെട്ട് നഷ്ടമാക്കിക്കളയരുത് (ഗലാ. 5:13; യാക്കോ. 2:12; 1 പത്രൊ. 2:16; 2 പത്രൊ. 2:19). ഈ സ്വാതന്ത്ര്യം ബലഹീന വിശ്വാസിക്കു ഇടർച്ചയാകുമാറ് ഉപയോഗിക്കുവാനും പാടില്ല (1 കൊരി. 8:9). ദ്രവത്വത്തിൽ നിന്നുള്ള വിടുതലിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ് സൃഷ്ടി. ദൈവമക്കൾ തേജസ്കരിക്കപ്പെടുമ്പോഴാണ് സൃഷ്ടിക്കു സ്വാതന്ത്ര്യം ലഭ്യമാകുന്നത് (റോമ. 8:20). ക്രിസ്തുവിലൂടെ പ്രാപിച്ച സാക്ഷാൽ സ്വാതന്ത്ര്യത്തിൽ അന്ത്യം വരെ മുന്നേറുവാൻ ദൈവം കൃപയേകട്ടെ....

**പാസ്റ്റർ ഡി. കുഞ്ഞുമോൻ**

**ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.**

# ന്യൂജൻ മിഥ്യയും തിരുവചനസത്യവും

ഡിസൻ

ആത്മാവിന്റെയും ഉണർവിന്റെയും പേരിൽ അറിയപ്പെടുന്നവരും ന്യൂജനറേഷൻ വർഷിപ്പേഴ്സ് എന്നു വിളിക്കപ്പെടുന്നവരുമായ ഒരുകൂട്ടം ആരാധകരുടെ ബൈബിൾ ജ്ഞാനത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ജനപ്രിയമായ തങ്ങളുടെ ഉപദേശത്തിനു അവർ കണ്ടെത്തിയ ബൈബിൾ വാക്യം: "ആകയാൽ ജാതികളിൽ നിന്നു ദൈവത്തിങ്കലേക്ക് തിരിയുന്നവരെ നാം അസഹ്യപ്പെടുത്താതെ അവർ വിഗ്രഹമാലിന്യങ്ങൾ, പരസംഗം, ശ്വാസംമുട്ടിചത്തത്, രക്തം എന്നിവ വർജിക്കാൻ നാം അവർക്ക് എഴുതണം" (അപ്പൊ. 19: 20-28) എന്നുള്ളതാണ്. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരും സഭാമൂപ്പന്മാരും കൂടി ഇപ്രകാരം തീരുമാനിക്കാനുള്ള കാരണം, പരീശപക്ഷത്തുള്ളവർ ഉൾപ്പെടെ ചില യെഹൂദക്രിസ്ത്യാനികൾ (വാ. 1,5) വിജാതീയരായിരുന്ന ക്രിസ്തുവിശ്വാസികളെ വഴിതെറ്റിക്കാൻ ശ്രമിച്ചതുകൊണ്ടായിരുന്നു. അതായത്, മോശെയുടെ ന്യായപ്രമാണപ്രകാരം പരിഛേദനയേറ്റില്ലെങ്കിൽ രക്ഷപ്രാപിക്കാൻ കഴിയുകയില്ലെന്നായിരുന്നു അവരുടെ ഉപദേശം. ഈ തെറ്റിദ്ധരിപ്പിക്കൽ യെഹൂദേതര വിശ്വാസികളിൽ പരിഭ്രമവും കലക്കവുമാണ് ഉളവാക്കിയത് (വാ. 24). ഈ സാഹചര്യത്തിലാണ് അപ്പൊസ്തലന്മാരും മൂപ്പന്മാരും ഒന്നിച്ചു പരിശുദ്ധാത്മാവ് തങ്ങൾക്കു നൽകിയ ജ്ഞാനപ്രകാരം സമയോചിതമായ തീരുമാനമെടുക്കയും യെഹൂദരല്ലാത്ത ക്രിസ്ത്യാനികൾ ഉറച്ചുനിൽക്കാൻ ഇടയാകുകയും ചെയ്തത്.

ന്യൂജൻകാരുടെ ആധാരവാക്യമാണിത്. വിശുദ്ധിയുടെയും വേർപാടിന്റെയും പേരിൽ അനാവശ്യമായ വിലക്കുകളൊന്നും ഞങ്ങൾക്കില്ല, ആദിമസഭയെപ്പോലെ സ്വാതന്ത്ര്യമായി ആരാധിച്ച് അനുഗ്രഹിക്കപ്പെടാം. വിടുതലും നന്മയും അനുഭവിക്കാം എന്ന ആഹ്വാനത്തിലൂടെ ജനം വശീകരിക്കപ്പെടുന്നു. വഞ്ചനയിൽ കുടുങ്ങിയവർ ഓടിക്കൂടുകയും ചെയ്യുന്നു. കാരണം, പൊതുജനം എത്രയും ആയാസംകൂടാതെ ജീവിക്കാനും മരിക്കുമ്പോൾ ഒരു സ്വർഗമുണ്ടെങ്കിൽ അതു ലഭിക്കാനും ആഗ്രഹിക്കും. അതിനു സഹായിക്കാൻ നിൽക്കുന്ന ഒരു യേശുവിനെ പരിചയപ്പെടുത്തുക കൂടി ചെയ്യുന്നവരുള്ളപ്പോൾ, വൈദ്യൻ കൽപിച്ചതും രോഗി ഇച്ഛിച്ചതും ഒന്നായല്ലോ - ഇരുകൂട്ടർക്കും പെരുത്ത സന്തോഷം. ന്യൂജൻകാരെ അനുകരിക്കുന്നവർ ഇതര പെന്തെക്കോസ്തു സഭകളിലും വർധിക്കുന്നതായിട്ടാണ് കാണുന്നതും. അപ്പൊ. 15 നെക്കുറിച്ചുള്ള തെറ്റിദ്ധാരണയിലാണ് യഹോവയുടെ ന്യായപ്രമാണത്തെ ന്യൂജനറേഷൻ നിഷേധിക്കുന്നത്. എന്നാൽ, ഈ അധ്യായത്തിൽ നിന്ന് എന്താണു നാം ഗ്രഹിക്കുന്നത്? അതിതാണ്. ഇവിടെ പറയപ്പെടുന്ന പരിഛേദനയെന്ന കർമാചാരം ക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള മനംതിരിവ് എന്ന ഹൃദയപരിഛേദനമൂലം പുതിയനിയമ വിശ്വാസിയിൽ ആത്മികമായി നിവർത്തിക്കപ്പെട്ടിരിക്കെ, അത് അവഗണിച്ചുകൊണ്ടു അക്ഷരാർഥത്തിലുള്ള പരിച്ഛേദനയാചരിക്കണമെന്ന ദുരാലോചനയാണ് അനാവശ്യമെന്ന് അപ്പൊസ്തലന്മാരും മൂപ്പന്മാരും കൂടി തീരുമാനിച്ചത്. അല്ലാതെ ദൈവജനത്തിന്റെ പുതിയനിയമ വ്യവസ്ഥകളെയോ അപ്പൊസ്തല ഉപദേശങ്ങളെയോ നീക്കംചെയ്തതല്ല.

അപ്പൊസ്തലൻ പറയുന്നു: "നിങ്ങൾ പരിച്ഛേദനയേറ്റാൽ ക്രിസ്തുവിനെക്കൊണ്ട് നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല" (ശില. 5:2; 2: 21) എന്നാണ്. അങ്ങനെ വിശ്വാസമാർഗത്തിൽ കർമാചാരത്തിലേക്കുള്ള ഊടുവഴിയുണ്ടാക്കാൻ ശ്രമി-

**ശബ്ബത്ത്, യാഗം, പരിച്ഛേദന, ദൈവാലയം, പൗരോഹിത്യം, ഉത്സവങ്ങൾ ആദിയായവ പുതിയനിയമം മൂലം നിറവേറിക്കഴിഞ്ഞതുകൊണ്ട് ഇനി അവയൊന്നും അക്ഷരികമായി ആചരിക്കേണ്ടതില്ല എന്നതാണു സത്യം.**

-ക്കുന്നവർ സുവിശേഷവിരുദ്ധരാകയാൽ (ഗാല. 2: 3-5) അവരെ ബുദ്ധിപൂർവം നേരിടുകയും വിശ്വാസികളെ ക്രിസ്തുവിൽ ഉറപ്പിച്ചുനിർത്തുകയും ചെയ്ത അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും പ്രയത്നം ശ്ലാഘനീയമായിരുന്നു! വിശ്വാസവിഷയത്തിൽ കലക്കംനേരിട്ട സഭയ്ക്ക് അതു ആശ്വാസവുമായി (അപ്പൊ. 15:31).

ശബ്ബത്ത്, യാഗം, പരിച്ഛേദന, ദൈവാലയം, പൗരോഹിത്യം, ഉത്സവങ്ങൾ ആദിയായവ പുതിയനിയമം മൂലം നിറവേറിക്കഴിഞ്ഞതുകൊണ്ട് ഇനി അവയൊന്നും അക്ഷരികമായി ആചരിക്കേണ്ടതില്ല എന്നതാണു സത്യം. (ഉദാ. കൊലൊ. 2: 16 നോക്കുക). സമ്പന്നമായ പുതിയനിയമ സത്യങ്ങളിലേക്കു പ്രവേശിച്ച ക്രിസ്തുവിശ്വാസിക്ക് കർമാചാരങ്ങൾ പഴയനിയമത്തിലെ ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങൾ മാത്രമാണ് (ഗലാ. 4: 9,10). അപ്പോൾ തന്നെ, പുതിയനിയമത്താൽ നിറവേറിയിട്ടില്ലാത്ത വിഷയങ്ങൾ പഴയനിയമത്തിലുള്ളത് നാം വിസ്മരിക്കാനും പാടില്ല. അവ പലതും പുതിയനിയമം പഠിക്കാൻ ആവശ്യമുള്ളവ പോലുമാണ്. ശ്രദ്ധിക്കുക. ന്യായപ്രമാണത്തിനു പാപിയെ നീതീകരിക്കാൻ കഴിയില്ല (റോമ. 8:3). എന്നാൽ, വിശ്വാസനീതി പ്രാപിച്ചവർക്ക് പുതിയനിയമ പഠനത്തിനു സഹായമായവ പഴയനിയമത്തിലുള്ളത് കാണാതിരിക്കരുത്. ശുചിത്വബോധനങ്ങൾ, നീതിന്യായവ്യവസ്ഥകൾ, സാമ്പത്തികനിയമങ്ങൾ, ആഹാര-നിഹാര-നിദ്ര-മൈഥുനം തുടങ്ങി എല്ലാത്തിലുമുള്ള സകല സന്മാർഗനിഷ്ഠകളും യഥായോഗ്യം യഹോവയുടെ ന്യായപ്രമാണം എന്ന പഴയനിയമത്തിൽ നൽകപ്പെട്ടിരിക്കുന്നു. പുതിയനിയമം മൂലം നിവൃത്തിയാകാത്ത സകല കാര്യങ്ങളും വിശ്വാസി ഭൂമിയിൽ വസിക്കുന്നിടത്തോളം കാലം അനുസരിക്കേണ്ടതാണ്. വിശേഷാൽ, നമുക്ക് പുതിയനിയമം പഠിക്കാൻ സമാഗമനകൂടാരവും എബ്രായലേഖനം പഠിക്കാൻ ലേവ്യാപുസ്തകവും വെളിപ്പാടുപുസ്തകം പഠിക്കാൻ ദാനീയേൽപ്രവചനവും അനിവാര്യമാണല്ലോ.

ന്യായപ്രമാണം നീതികെട്ടവർക്കുവേണ്ടിയുള്ളതാണെങ്കിലും ന്യായോചിതമായ ഉപയോഗത്തിനു നല്ലതാണെന്നു അപ്പൊസ്തലൻ വ്യക്തമാക്കുന്നു (1 തിമൊ.1: 8,10). യേശു ജനത്തോടു സംസാരിച്ച ദൈവവചനം പഴയനിയമമാണ്. അതു സ്വർഗത്തിൽ സ്ഥിരമാണ് (സങ്കീ. 119: 89; യെശ. 40:8); മർക്കൊ. 2: 2). യഹോവയുടെ ന്യായപ്രമാണം അവഗണിക്കുന്നത് ആത്മികാഭിവൃദ്ധിയുടെ ലക്ഷണമല്ല, അധഃപതനത്തിനു തെളിവാണ്.

പ്രധാനവിഷയത്തിലേക്കു വരട്ടെ. അപ്പൊ. 15 ൽ പരിച്ഛേദനയെക്കുറിച്ച് അപ്പൊസ്തലന്മാരും സഭാമൂപ്പന്മാരും യാതൊന്നും ചർച്ചചെയ്യേണ്ടി വന്നില്ല. കാരണം, പഴയനിയമ ആചാരങ്ങളായ ചില പ്രത്യേക വർജനവിഷയങ്ങൾ അനുസരിക്കാൻ തീരുമാനിച്ചപ്പോൾ പരിച്ഛേദനയും പുറന്തള്ളപ്പെടുകയായിരുന്നു. യെഹൂദക്രിസ്ത്യാനികൾക്ക് അറപ്പും ദൈവത്തിനു കോപവും ഉണ്ടാക്കുന്നവയായിരുന്നു അവ. ഇപ്രകാരം പഴയനിയമ വർജനങ്ങൾ പുതിയനിയമത്തിനും വർജനങ്ങളായി. അവ വിഗ്രഹമാലിന്യങ്ങൾ, പരസംഗം, ശ്വാസംമുട്ടിച്ചത്തത്, രക്തം എന്നിവയത്രേ. അടുത്തതായി പഴയനിയമത്തിൽ നിന്നു നാം സ്വീകരിക്കുന്നതിൽ രണ്ടാമത്തെതാണ്, ഭൗതികജീവിതത്തിനു സഹായമായവയത്രേ. മൂന്നാമതായി ഭാവിയിൽ നിറവേറാനുള്ളവ. ഉദാഹരണമായി യെഹൂദർ മശിഹയുടെ വരവിനെ കാത്തിരിക്കുമ്പോൾ നമുക്കാകട്ടെ അവിടുത്തെ ഒന്നാം വരവിനെ കാത്തിരിക്കാനിടയില്ലാതെ സ്വീകരിക്കാനിടയായി. നാം കാത്തിരിക്കുന്നതാകട്ടെ രണ്ടാംവരവിനെയാണ്. കർത്താവിന്റെ ഒന്നും രണ്ടും വരവുകളെക്കുറിച്ച് ആദ്യം വെളിപ്പെടുത്തിയത് പഴയനിയമത്തിലാണ്.

പ്രസ്തുത മൂന്നു ഭാഗങ്ങളും എക്കാലവും സഭ അംഗീകരിക്കുന്നവയാണ്. സ്വീകരിക്കാത്തവ വീണ്ടും

(ശേഷം പേജ് 8)


**EDITORIAL BOARD**

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
ഇന്ത്യ – 120 രൂപ ● യുഎസ്എ – $ 50 ● യുകെ – £ 25
ഗൾഫ് രാജ്യങ്ങൾ 2000 രൂപ

പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5,000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു



വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637



Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# കാലേബിന്റെ വിജയ രഹസ്യങ്ങൾ

ജിജി പോൾ

*"എന്നാൽ കാലേബ് മോശയുടെ മുൻപാകെ ജനത്തെ അമർത്തി: നാം ചെന്ന് അത് കൈവശമാക്കുക;* ***അതു ജയിക്കുവാൻ നമുക്ക് കഴിയും എന്നു പറഞ്ഞു.*** *എങ്കിലും അവനോടു കൂടെ പോയിരുന്ന പുരുഷന്മാർ: ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്കു കഴിയുകയില്ല അവർ നമ്മിലും ബലവാന്മാർ ആകുന്നു എന്നു പറഞ്ഞു" (സംഖ്യ 13:30-31).*

ഉത്തരാധുനിക കാലഘട്ടത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് വിജയം എന്നത്. എല്ലാവരും വിജയത്തിനായി ആഗ്രഹിക്കുന്നുവെങ്കിലും പലരും പലപ്പോഴും പരാജയത്തിൽ പതിക്കുന്നു. പരാജിതരുടെയും വിജയികളുടെയും ചരിത്രം സസൂക്ഷ്മം പരിശോധിക്കുന്നതും വിലയിരുത്തുന്നതും വിജയത്തിലേക്കുള്ള വീഥിയാണ്. പരാജയത്തിൽ നിന്ന് വിജയത്തിലേക്ക് പിടിച്ച് കയറുവാൻ വിജയിയായ കാലേബിന്റെ ജീവിത രഹസ്യങ്ങൾ നമ്മെ സഹായിക്കും. അതിനാൽ കാലേബിനെ വിജയത്തിലേക്ക് പിടിച്ചുയർത്തിയ ചില രഹസ്യങ്ങൾ ഇവിടെ കുറിക്കട്ടെ.

**(1) സ്വപ്നം കാണുന്ന കാലേബ് (He was a man of Dream)**

*"....അതു ജയിക്കുവാൻ നമുക്ക് കഴിയും എന്നു പറഞ്ഞു."* (വ. 30)

ദൈവപുരുഷനായ മോശെ കനാൻ ദേശം ഒറ്റുനോക്കുവാൻ പ്രഭുക്കന്മാരായ തലവന്മാരെ 12 ഗോത്രത്തിൽ നിന്ന് അയച്ചപ്പോൾ അവരിൽ ഭൂരിഭാഗവും (10 പേരും) പരാജയസാധ്യതകളെ കുറിച്ച് മാത്രം പറയുകയും യിസ്രായേൽ മക്കളുടെ ധൈര്യത്തെ കെടുത്തുകയും ചെയ്തപ്പോൾ ദൈവത്തോട് കൂടെ പറ്റി നിന്ന കാലേബ് മോശയുടെ മുമ്പാകെ ജനത്തെ അമർത്തിക്കൊണ്ട്, 'നമുക്ക് ജയിക്കുവാൻ കഴിയും' എന്ന തന്റെ സ്വപ്നം പ്രഖ്യാപിച്ചു. ജയത്തെ സ്വപ്നം കണ്ടതായ കാലേബ് വിജയിച്ചു. പരാജയത്തെ സ്വപ്നം കണ്ടതായ 10 പ്രഭുക്കന്മാർ വാഗ്ദത്ത കനാൻ ദേശം കരസ്ഥമാക്കുന്നതിൽ പരാജയപ്പെട്ടു.

ഒരു കാര്യം വ്യക്തമാണിവിടെ, നാം എന്താണ് സ്വപ്നം കാണുന്നത് അതാണ് സംഭവിക്കാൻ സാധ്യതയുള്ളത്. കാലേബിനെപ്പോലെ വിജയം സ്വപ്നം കാണുന്നെങ്കിൽ വിജയം സംഭവിക്കും. മറിച്ച് 10 പേരെ പോലെ പരാജയം മാത്രമാണ് സ്വപ്നം കാണുന്നതെങ്കിൽ അതും സംഭവിക്കും.

നമ്മുടെ ഭൂതകാലത്തിലെ സ്വപ്നങ്ങളുടെ സാക്ഷാത്കാരമാണ് നാം ഇപ്പോൾ ആയിരിക്കുന്ന സ്ഥലം. അതുപോലെ നമ്മുടെ വർത്തമാന കാലത്തിലെ സ്വപ്നങ്ങളുടെ സാക്ഷാത്കാരമായിക്കും നമ്മുടെ ഭാവികാല നേട്ടങ്ങൾ. വേറൊരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ സ്വപ്നം എന്താണ്, അതാണ് നാം ആയിത്തീരുവാൻ പോകുന്നത്. അതെ നമ്മുടെ സ്വപ്നം നമ്മുടെ ഭാവിയെ നിശ്ചയിക്കുന്നു (our dream determines our destiny).

നെപ്പോളിയൻ ബൊണാപ്പാട്ടിന്റെ ബാല്യകാലത്തിലെ ഒരു സംഭവം ഇവിടെ എടുത്ത് എഴുതട്ടെ. ഒരു കൈനോട്ടക്കാരന്റെ മുന്നിൽ കൈനീട്ടികൊണ്ട് നെപ്പോളിയൻ ചോദിച്ചു; 'ഞാൻ രാജാവാകുമോ?'. അയാൾ മറുപടി പറഞ്ഞു, 'ഈ കയ്യിൽ ഒരു വര കൂടി ഉണ്ടായിരുന്നെങ്കിൽ നീ രാജാവാകുമായിരുന്നു, പക്ഷെ, ഇപ്പോൾ നീ രാജാവാകില്ല'.

ഇതുകേട്ട് നിരാശനായി പോയ നെപ്പോളിയൻ വന്നത് രക്തമൊലിക്കുന്ന കയ്യുമായാണ്. കത്തികൊണ്ട് കയ്യിൽ നെപ്പോളിയൻ ഒരു വര വരച്ചിരുന്നു. കൈ നീട്ടി വീണ്ടും നെപ്പോളിയൻ ചോദിച്ചു. 'ഇനി ഞാൻ രാജാവാകുമോ?'

'ഇനി നീ രാജാവല്ല ചക്രവർത്തി തന്നെയാവും' എന്നായിരുന്നു കൈനോട്ടക്കാരന്റെ മറുപടി.

വലിയ നേട്ടങ്ങൾ കൈവരിച്ചവരെല്ലാം വലിയ സ്വപ്നങ്ങൾ കണ്ടവരാണ്. വലിയ സ്വപ്നങ്ങൾ മഹാന്മാരെ സൃഷ്ടിക്കുന്നുവെന്നും ചെറിയ സ്വപ്നങ്ങൾ ചെറിയവരെ സൃഷ്ടിക്കുന്നുവെന്നും പറയാം (Great dreams beget great men, small dreams beget small men). ആയതിനാൽ എന്തുകൊണ്ട് വലിയ സ്വപ്നങ്ങൾ കണ്ടുകൂടാ. വില്യം കേറി (William carey) പറയുന്നത് കുറികൊള്ളുക, "ദൈവത്തിൽ നിന്ന് വൻകാര്യങ്ങളെ പ്രതീക്ഷിക്കുക, ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യുക" (Expect great things from God and attempt great things for God).

പലപ്പോഴും നമ്മുടെ ഉള്ളിലുള്ള വലിയ സ്വപ്നങ്ങൾക്ക് ചുറ്റുപാടിൽ നിന്നും പ്രോത്സാഹനം ലഭിക്കണമെന്നില്ല. എപ്പോഴും നമ്മെ പ്രോത്സാഹിപ്പിക്കും എന്നു കരുതുന്ന ബന്ധുമിത്രാദികളും സ്നേഹിതർ പോലും നിരുത്സാഹപ്പെടുത്താം. കാലേബിന് ജയിക്കുമെന്ന സ്വപ്നം ഉണ്ടായിരുവെങ്കിലും തന്റെ സഹപ്രവർത്തകർ അതിന് തടസ്സം നിൽക്കുകയായിരുന്നു (13:31). എങ്കിലും ദൈവം ജയം കൊടുത്തു. ഓർക്കുക, കാലേബിന് ജയത്തെ കുറിച്ച് സ്വപ്നം കൊടുക്കുകയും നിവർത്തിക്കുകയും ചെയ്ത ദൈവം, നമുക്ക് നൽകിയ സ്വപ്നത്തെയും നിവർത്തിക്കും.

കാലേബിനെപ്പോലെ ദൈവഭക്തനായ നെഹമ്യാവും വിജയം സ്വപ്നം കണ്ട വ്യക്തിയായിരുന്നു. "അതിനു ഞാൻ അവരോട് സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും (ആംഗലേയ ഭാഷയിൽ (NIV), സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് ജയം നൽകും എന്നാണ് പറഞ്ഞിരിക്കുന്നത്) ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും.... എന്നു പറഞ്ഞു" (നെഹ. 2:20). വിജയം സ്വപ്നം കണ്ട നെഹമ്യാവിനെ കൊണ്ട് ദൈവം പണിപൂർത്തീകരിച്ചു (6:15). പരാജയത്തെ പ്രതീക്ഷിക്കുന്നവർ പരാജയപ്പെടുമ്പോൾ വിജയം സ്വപ്നം കാണുന്നവൻ വിജയിക്കുന്നു.

അപ്പോസ്തലനായ പൗലോസിന്റെ വാക്കുകൾ കൂടി ശ്രദ്ധിക്കൂ, "I can do everything" എല്ലാം ചെയ്യുവാൻ എനിക്ക് സാധിക്കും (ph : 4:13) എന്നത്രേ. വളരെ പോസിറ്റീവായ പ്രസ്താവനയാണിത്. തോൽവിയിൽ മുങ്ങി താഴ്ന്ന വ്യക്തികൾ ചേർത്ത് പിടിക്കേണ്ട പ്രസ്താവനയാണ് അപ്പോസ്തലന്റേത് .

ചുരുക്കത്തിൽ വിശുദ്ധ തിരുവെഴുത്ത് പഠിപ്പിക്കുന്ന 'വിജയം' ഭക്തന്മാർ കൈവരിച്ചത് വിജയം സ്വപ്നം കണ്ടതിലൂടെയായിരുന്നു. ശ്രദ്ധിക്കൂ, നാം ബലഹീനരെന്ന് ചിന്തിക്കുന്നുവെങ്കിൽ ദൈവം ബലവാനെന്ന് അറിയുക. നാം ചെറിയവരെന്ന് ചിന്തിക്കുന്നുവെങ്കിൽ ദൈവം വലിയവനെന്ന് അറിയുക. അതെ, നമ്മുടെ ദൈവം ജയം നല്കുവാൻ പ്രാപ്തനാണ്, ജയം നല്കുന്നവനാണ്, നാം ജയിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

**(2) പ്രവർത്തിക്കുന്ന കാലേബ്** ( He was a man of deeds)

*"ഇപ്പോൾ എനിക്ക് എൺപത്തഞ്ച് വയസ്സായി. മോശെ എന്നെ അയച്ച നാളിലെ പോലെ തന്നെ ഇന്നും എനിക്ക് ആരോഗ്യമുണ്ട്; പടവെട്ടുവാനും പോകുകയും വരുകയും ചെയ്യുവാനും എന്റെ ആരോഗ്യം അന്നത്തെപ്പോലെ തന്നെ ഇന്നും ഇരിക്കുന്നു. ആകയാൽ യഹോവ അന്നു കല്പിച്ച ഈ മല ഇപ്പോൾ എനിക്ക് തരുക... ഞാൻ അവരെ ഓടിച്ച് കളയും" (Jos. 14 :11,12).*

കാലേബിന് 85 വയസ്സ് ചെന്ന് വാർദ്ധക്യമായെങ്കിലും മനസ്സിനെ അതു ബാധിച്ചിരുന്നില്ല. യുദ്ധം ചെയ്യുവാൻ ഇഷ്ടപ്പെടുന്ന യൗവനക്കാരന്റെ മനസ്സിനുടമയായിരുന്നു അദ്ദേഹം. വിജയം വെറുതെ സ്വപ്നം കാണുക മാത്രമല്ല, അതു സ്വായത്തമാക്കുവാൻ വേണ്ടി അദ്ധ്വാനിക്കുവാൻ ഇഷ്ടപ്പെടുന്ന വ്യക്തിയും കൂടെയായിരുന്നു കാലേബ്. പ്രവർത്തിക്കുവാൻ മടിയില്ലാത്തവനും അലസതയെ അകറ്റി നിർത്തിയവനുമായ കാലേബിനു വിജയം വിദൂരമായിരുന്നില്ല.

'മടി'യെ ആട്ടിയോടിച്ച കർമ്മനിരതരായവരെയാണ് ദൈവം തന്റെ ദൗത്യ നിർവഹണത്തിനായി തിരഞ്ഞെടുത്തത്. ആടുകളെ **മേയിച്ചു കൊണ്ടിരുന്ന** മോശെയാണ് യിസ്രായേലിന്റെ മോചനത്തിനായി ദൈവം നിയോഗിച്ചത് (പുറ-3:1). കോതമ്പ് മിദ്യാന്യരുടെ കയ്യിൽ പെടാതിരിക്കേണ്ടതിന് മുന്തിരി ചക്കിനരികെ വെച്ച് **മെതിച്ച് കൊണ്ടിരുന്ന** ഗിദെയോനെയാണ് മിദ്യാന്യരുടെ കയ്യിൽ നിന്ന് രക്ഷിക്കുവാൻ ദൈവം നിയോഗിച്ചത് (ന്യായാ 6:11). അപ്പനായ കീശിന്റെ കാണാതെപ്പോയ കഴുതയെ ശുഷ്കാന്തിയോടെ **അന്വേഷിച്ച് കൊണ്ടിരുന്ന** ശൗലിനെയാണ് ദൈവം യിസ്രായേലിന്റെ പ്രഥമരാജാവായി നിയമിച്ചത് (1 ശമു 9:3). **വല വീശി കൊണ്ടിരുന്ന** ശീമോനെയും അന്ത്രെയാസിനെയും (മത്താ 4:19), **വല നന്നാക്കികൊണ്ടിരുന്ന** യാക്കോബിനെയും യോഹന്നാനെയും (4:21), **ചുങ്കം പിരിച്ചുകൊണ്ടിരുന്ന** മത്തായിയെയും അത്രേ (9:9) യേശുകർത്താവ് വേലയ്ക്ക് വിളിച്ചത്. അതെ, പ്രവർത്തനോത്സാഹരായ മടിയില്ലാത്തവരെയാണ് ദൈവത്തിന് ആവശ്യം.

'മടി' പരാജയത്തിന്റെ സുഹൃത്താണ്. 'മടി കുടി കെടുത്തും, കുടിയോരെ കെടുത്തും -മടി, അതു പിടികൂടിയവരെ മാത്രമല്ല ആ വീടിനെ (കുടിയെ) ത്തന്നെ തകർക്കും എന്ന് തമിഴിലൊരു ചൊല്ലുണ്ട്. അലസതയും മടിയും അകറ്റിനിർത്തി വിജയത്തിനായി അദ്ധ്വാനിച്ച കാലേബാണ് വിജയിച്ചത്. വിജയത്തിനായി ഓരോ നിമിഷവും മുഴുശക്തിയും കഴിവുകളും ഉപയോഗിക്കുക.

**3. സമർപ്പണമുള്ള കാലേബ് ( He was a man of Dedication)**

*"യഹോവയോട് നിങ്ങൾ മത്സരിക്കുക മാത്രം അരുത്; ആ ദേശത്തിലെ ജനത്തെ ഭയപെടരുത്; അവർ നമുക്ക് ഇരയാകുന്നു; അവരുടെ ശരണം പൊയ്പ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളത് കൊണ്ട് അവരെ ഭയപ്പെടരുത്" (സംഖ്യ 14:9).*

യിസ്രായേൽ മക്കൾ 'പേരിൽ' ദൈവജനമാണെങ്കിലും 'നേരിൽ' അതല്ല എന്ന് തെളിക്കുന്ന ഒരു സംഭവമാണിവിടെ കാണുന്നത്. യിസ്രയേൽ മക്കൾ എല്ലാവരും മോശയ്ക്കും അഹരോനും വിരോധമായി പിറുപിറുക്കുകയും (14:1), മത്സരിക്കുകയും ചെയ്യുന്നു (14:9). എന്നാൽ യോശുവായും കലേബും മാത്രം ദൈവത്തോടുള്ള വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സമർപ്പണത്തിന്റെയും വാക്കുകൾ പറഞ്ഞുകൊണ്ട് ജനത്തോട് 'അരുത്, മത്സരിക്കരുത്' എന്ന് പറയുന്നു (വ.9).

ദൈവാധിഷ്ഠിതമായി ജീവിതം നയിച്ച അർപ്പണവും സമർപ്പണവുമുണ്ടായിരുന്ന കാലേബിനും യോശുവായ്ക്കുമാണ് വാഗ്ദത്ത കനാനിൽ പ്രവേശിക്കാനും വിജയിക്കാനും സാധിച്ചത്. ദൈവത്തോട് സമ്പൂർണ്ണ സമർപ്പമില്ലാതെ ദൈവം നല്കുന്ന ജയത്തിനായി വാഞ്ചിക്കുന്നത് വിഹിതമല്ല. ഓർക്കുക, സമർപ്പണം വിജയം സമ്മാനിക്കുന്നു

> ദൈവാധിഷ്ഠിതമായി ജീവിതം നയിച്ച അർപ്പണവും സമർപ്പണവുമുണ്ടായിരുന്ന കാലേബിനും യോശുവായ്ക്കുമാണ് വാഗ്ദത്ത കനാനിൽ പ്രവേശിക്കാനും വിജയിക്കാനും സാധിച്ചത്. ദൈവത്തോട് സമ്പൂർണ്ണ സമർപ്പമില്ലാതെ ദൈവം നല്കുന്ന ജയത്തിനായി വാഞ്ചിക്കുന്നത് വിഹിതമല്ല.

**(4) യഹോവയുടെ നാമം പ്രഖ്യപിച്ച കാലേബ്** (He was a man of declaration)

*"യഹോവയോട് നിങ്ങൾ മത്സരിക്കുക മാത്രം അരുത്; ആ ദേശത്തിലെ ജനത്തെ ഭയപെടരുത്; അവർ നമുക്ക് ഇരയാകുന്നു; അവരുടെ ശരണം പൊയ്പ്പോയിരിക്കുന്നു. നമ്മോടുകൂടെ യഹോവ ഉള്ളത് കൊണ്ട് അവരെ ഭയപ്പെടരുത്" (സംഖ്യ 14:9).*

കാലേബ് ദൈവത്തിന്റെ നാമവും ദൈവം നൽകുന്ന ജയവും പ്രഖ്യാപിച്ച വ്യക്തിയായിരുന്നു.

'....അവർ നമുക്ക് ഇരയാകുന്നു' (വ. 9) എന്നുള്ള വിജയത്തെ കണ്ടുള്ള പ്രഖ്യാപനവും 'നമ്മോടുകൂടെ യഹോവ ഉണ്ട്' (വ. 9) എന്നുള്ളത് ദൈവനാമത്തോടുള്ള ആദരവും ആ നാമത്തിന്റെ പ്രഖ്യാപനവുമാണ്.

'നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ വരുന്നു' (1 ശമു. 17:45) എന്ന് പ്രഖ്യാപിച്ച ദാവീദിനാണ് ജയം സ്വന്തമാക്കുവാൻ സാധിച്ചത്. ദൈവത്തിന്റെ നാമം ഉച്ചരിക്കുന്ന, ദൈവം പരിചയായിട്ടുള്ളവർക്കാണ് (സങ്കീ. 18:2) ദൈവം ജയം നൽകുന്നത് (വ. 29). അവരെ ശത്രുവിന് തോൽപ്പിക്കുവാൻ സാധിക്കുകയില്ല.

ഓർക്കുക, യഹോവയുടെ നാമം ഉച്ചരിച്ച കാലേബാണ് വിജയിച്ചത്.

കാർട്ടൂൺ കോർണർ - റോയി മേപ്രാൽ



# ലജ്ജിച്ചു തലതാഴ്ത്താം



ടോംസ് ആന്റണി


പീഡനത്തിനിരയാകുന്നവർ, ചതിക്കുഴിയിൽപ്പെടുന്നവർ, വഞ്ചിതരാകുന്നവർ എന്നിവരൊക്കെ ലജ്ജിച്ചുതലതാഴ്ത്തിയ അനുഭവങ്ങളാണ് നമുക്കുമുന്നിൽ. മാധ്യമങ്ങൾക്കു മുന്നിൽ പ്രത്യക്ഷപ്പെടാൻ, പരാതികൊടുക്കാൻ, ധീരതയോടെ താൻ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ പൊതുജനമദ്ധ്യത്തിൽ അവതരിപ്പിക്കാൻ, എന്നുവേണ്ട പുറത്തേക്കൊന്നിറങ്ങുവാൻ പോലും ഇങ്ങനെ ഇരകളാകുന്നവർക്ക് മടിയും ഭയവുമാണ്.

സത്യത്തിൽ ലജ്ജിക്കേണ്ടതും, ഭയക്കേണ്ടതും ഇവരാണോ? പീഡിപ്പിച്ചവരും അതിന്റെ പിന്നിൽ പ്രവർത്തിച്ചവരും ഗൂഢാലോചന നടത്തിയവരുമല്ലേ ?

നടി പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ കേരളം മുഴുവൻ ആഘോഷിക്കുകയാണ്. ഏതോ ഒരു പൈങ്കിളിക്കഥപോലെ ! പകർച്ചപ്പനിയും, നേഴ്സുമാരുടെ സമരവും, മറ്റു സാമൂഹിക പ്രശ്നങ്ങളുമൊക്കെ നമുക്കും മാധ്യമങ്ങൾക്കും വാർത്തയല്ലാതായിരിക്കുന്നു.

മുൻകാല അനുഭവങ്ങൾ നമുക്കൊന്നു നോക്കാം. ഇത്തരത്തിൽ ഇരകളാകുന്നവരെ സമൂഹം കരുതുന്നതിനുപകരം ഒറ്റപ്പെടുത്തിയിട്ടേയുള്ളു. വിവാഹമോ, ഭാവിയോ നിഷേധിക്കപ്പെട്ട്, ഏകാന്തതടവറയിലോ സ്വയം ശപിച്ച് നീചജന്മത്തെ ഓർത്ത് കണ്ണീർപൊഴിച്ച്, കാലം നീക്കുകയോ, അതുമല്ലെങ്കിൽ "ആത്മഹത്യ" എന്ന വലിയ ഒളിച്ചോട്ടത്തിലേക്ക് നീങ്ങുകയോ ആണ് ഭൂരിഭാഗം പേരും ചെയ്തിട്ടുള്ളത്.

പീഡനത്തിനിരയായ നടി നേരിട്ടതോ? നമ്മുടെ സഹോദരിക്കോ, കുടുംബത്തിൽപ്പെട്ടവർക്കോ, നമുക്ക് തന്നെയോ ഇത്തരം പ്രതിസന്ധി ഉണ്ടാകുമ്പോഴേ ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാൻ നമ്മുക്ക് കഴിയൂ. അപ്രതീക്ഷിതമായ തട്ടിക്കൊണ്ടുപോകലും, പീഢനവും ഏൽക്കുക എന്നത് എത്ര ഭീതിദമാണ് ! ആ ഒരു അവസ്ഥയിലൂടെ ഒറ്റയ്ക്കു സഞ്ചരിക്കുമ്പോഴേ ഭയാനകമായ, മരണത്തോളം എത്തിനിൽക്കുന്ന ക്രൂരതയുടെ ആഴം അറിയുവാൻ നമുക്ക് കഴിയൂ. സെലിബ്രിറ്റിയോ, പ്രശസ്തിയുള്ളവരോ ആയിട്ടുകാര്യമില്ല. കലുഷിതമായ പ്രശ്നങ്ങൾ ഏല്ക്കേണ്ടിവരുന്നത് അതീവ ദാരുണം തന്നെയാണ്.



പക്ഷെ നടിക്ക് താങ്ങായി, തണലായി സഹപ്രവർത്തകരും, ഭാവിവരനും കുടുംബവും എല്ലാറ്റിനുമുപരി സിനിമയിലെ പെൺകൂട്ടായ്മയും ശക്തമായി നിലകൊണ്ടപ്പോൾ അത് കേസിലേയ്ക്കും മാധ്യമശ്രദ്ധയിലേയ്ക്കും നീണ്ടു. കേരളം മുഴുവൻ ഈ വിഷയം ചർച്ചചെയ്യപ്പെട്ടു. കൂട്ടത്തിൽ നടി കാണിച്ച അസാമാന്യമായ തന്റേടവും ധൈര്യവും എടുത്തുപറയാതെ വയ്യ.

നിശ്ചയിച്ച വിവാഹം മുടങ്ങുക, താങ്ങായി നിൽക്കേണ്ടവരുടെ കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും നേരിടേണ്ടിവരിക, മാധ്യമ വിചാരണയ്ക്കും പോലീസിന്റേയും കോടതിയുടേയും വിചാരണക്കുമുമ്പിലും പലകുറി തന്റെ സ്ത്രീത്വം അടിയറവുവച്ച് നിന്നുകൊടുക്കേണ്ടിവരിക എന്നിവയൊക്കെ ഇതിനുമുൻപ് പീഡനക്കേസിൽപ്പെട്ടവർ നേരിടേണ്ടിവന്നിട്ടുള്ള ദുരനുഭവങ്ങളാണ്. എല്ലാവരും കൂടെയുണ്ടെങ്കിലും കൂടെയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നവർ കൈവിടുമ്പോഴാണ് പലരും പതറിപ്പോകുന്നത്. ഇവിടെ നടിക്ക് ആവശ്യമായ പിന്തുണ കിട്ടിയത് അഭിമാനകരമായ കാര്യമാണ്.

ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ തങ്ങളുടെ പത്രങ്ങൾക്കും, വാരികകൾക്കും വായനക്കാരെ കൂട്ടാനും, ചാനലിന്റെ റേറ്റിംഗ് കൂട്ടുവാനുള്ള അസുലഭമാർഗ്ഗമായാണ് പലരും കാണുന്നത്. നവീനമാധ്യമങ്ങളിലൂടെ ട്രോളുകൾ സൃഷ്ടിച്ച് നിർവൃതിയടയുന്നവരും അത് ഷെയർ ചെയ്ത് ആനന്ദിക്കുന്നവരും ഏറെയാണ്. ഇരയോടുള്ള സഹാനുഭൂതിയോ ആർദ്രതയോ ഒന്നും ചാനൽചർച്ചകളിൽ പ്രതികരിക്കുന്ന പലരിലും നാം കണ്ടില്ല എന്നതും ലജ്ജാകരമാണ്. പകരം ടെലിവിഷൻ സ്ക്രീനിൽ നിറഞ്ഞുനിൽക്കാനുള്ള അവസരമായാണ് പലരും ഉപയോഗിച്ചത്.

ഈ കേസിൽ കുറ്റാരോപിതനായ സിനിമാതാരം ദിലീപിനെ അറസ്റ്റുചെയ്തതും, അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമെല്ലാം മാധ്യമങ്ങൾ എത്ര സമർത്ഥമായാണ് ആഘോഷിച്ചത്! ഇരയാക്കപ്പെട്ട നടിയോടുള്ള സഹാനുഭൂതിയല്ല, മറിച്ച് ഒരു താരത്തിന്റെ പതനത്തെ ആസ്വദിക്കുക എന്ന ക്രൂരതയാണ് പലരും ചെയ്തത്.

സിനിമാതാരങ്ങളുടെ സംഘടനയായ "അമ്മ"യുടെ തലപ്പത്തുള്ളവരുടെ ഇരട്ടത്താപ്പും കാപട്യവും നാം തിരിച്ചറിഞ്ഞു. സത്യത്തിൽ ഒരു പൊതുപ്രശ്നത്തിൽ ഇവർ ആർക്കുവേണ്ടിയാണ് നിലകൊള്ളുന്നത്? നിലപാടുകളില്ലാത്ത സംവിധാനമായി "അമ്മ" മാറിക്കഴിഞ്ഞു. വിരൂപമായ ഒരു "അമ്മ"മുഖത്തെയാണ് കേരളം കണ്ടത്.

ദിലീപ് കഴിച്ച ഭക്ഷണവും ധരിച്ച വസ്ത്രവും, ഭാവഭാവാദികളും ആവോളം വർണ്ണിക്കുന്ന മാധ്യമങ്ങൾ ചുറ്റും നടക്കുന്ന നീറുന്ന പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുന്നതും നാം കണ്ടു.

സാംസ്കാരിക കേരളം ലജ്ജിച്ചുതലതാഴ്ത്തുകയാണ്. പീഡിപ്പിച്ചവരേയും, പീഡനത്തിനു കൂട്ടുനിന്നവരേയും, ക്വട്ടേഷൻ കൊടുത്തവരേയും ഓർത്ത്.... പീഡനങ്ങൾ ആഘോഷിക്കുന്ന മാധ്യമനപുംസകങ്ങളെ ഓർത്ത്... നവമാധ്യമങ്ങളിൽ ട്രോളുകൾ സൃഷ്ടിച്ച് ആനന്ദം കണ്ടെത്തുന്ന ആധുനികയുവതയെ ഓർത്ത്.... "അമ്മ"യാകേണ്ട അമ്മ സംഘടനയുടെ നടിയോടുള്ള അവഗണനയേയും നിഷേധമനോഭാവത്തെയും ഓർത്ത്... ഒപ്പം നിസ്സംഗഭാവത്തിൽ ഈ വിഷയത്തെ കണ്ടവരെ ഓർത്ത്...

ഒന്നുകൂടി പറയട്ടെ, ശരിയുടെ പക്ഷത്ത് നിലകൊണ്ട, 'ഇര'യുടെ വേദനയോടുചേർന്ന് ആത്മാർത്ഥതയോടെ നിന്ന ആയിരക്കണക്കിന് മനുഷ്യസ്നേഹികൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് തൊഴുകൈ.

ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ ആഘോഷിക്കുകയോ നിസംഗത പുലർത്തുകയോ അല്ല വേണ്ടത്. ഇരയുടേയും കുറ്റാരോപിതരുടേയും വ്യക്തിജീവിതത്തിലേയ്ക്ക് അനാവശ്യമായി കടന്നുകയറി പുതിയ തിരക്കഥകൾ മെനഞ്ഞെടുക്കുകയുമല്ല വേണ്ടത്. കുറ്റവാളികളെ കണ്ടെത്താനുള്ള സാഹചര്യം സൃഷ്ടിക്കുകയും അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുകയും വേണം. സാംസ്ക്കാരിക കേരളത്തിന് അപമാനകരമായ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുകയും വേണം. നിർഭയമായി എവിടേയും എപ്പോഴും യാത്ര ചെയ്യാനുള്ള സാമൂഹിക അന്തരീക്ഷം സ്ത്രീകൾക്കുണ്ടാകണം. നമ്മുടെ ചർച്ചകൾ ആ രീതിയിലേയ്ക്കുവേണം ഉയരാൻ...

സ്ത്രീത്വത്തെ ആദരിക്കുന്ന അവളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു കൂടെ നിൽക്കുന്ന, അവളെ സ്നേഹിക്കുന്ന ഒരു "അമ്മ" മനസ്സ് നമുക്ക് ആർജ്ജിച്ചെടുക്കാം. ഒന്നുകൂടി ഓർക്കുക. ആദരിച്ചില്ലെങ്കിലും അപമാനിക്കരുത്.

## മലയാളം ഡിസ്ട്രിക്ട് കൗൺസിൽ യുവജന ക്യാമ്പ്

(1-ാം പേജ് തുടർച്ച)

ളം) എന്നിവർ ഇന്നത്തെ ലോകത്തിൽ എപ്രകാരം വിശുദ്ധരായി ജീവിക്കാം എന്നതിനെ അടിസ്ഥാനമാക്കി ക്ലാസ്സുകൾ എടുക്കുന്നതാണ്.

പാസ്റ്റർ ഷിബു വി.ജെ. (ജോയ്ന്റ് സെക്രട്ടറി), പാസ്റ്റർ അരുൺ കുമാർ (ഇവാഞ്ചലിസം കൺവീനർ) ബ്രദർ അജേഷ് ബേബി (ചാരിറ്റി കൺവീനർ) എന്നിവരും സെക്ഷൻ സി.ഏ. പ്രസിഡന്റുമാരും വിവിധ യോഗങ്ങളിൽ അധ്യക്ഷത വഹിക്കും. എല്ലാ ദിവസവും പ്രഭാതത്തിലുള്ള ധ്യാന സെഷനുകൾക്ക് പാസ്റ്റർ റോബർട്ട് വർഗ്ഗീസ് പെനിയേൽ, ഇവാ. സിജു ജോൺ (കടക്കാമൺ), ബ്രദർ മാത്യു കുര്യൻ (ദുബായ്) എന്നിവർ നേതൃത്വം നൽകും.

സി.എ. പ്രസിഡന്റ് പാസ്റ്റർ റോയ്സൺ ജോണിയുടെ അധ്യക്ഷതയിൽ 8 വെള്ളി രാവിലെ 11 മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ റവ. എ. രാജൻ (മലയാളം ഡിസ്ട്രിക് കൗൺസിൽ ട്രഷറർ) ദൈവവചനം സംസാരിക്കും. പാസ്റ്റർ സെബാസ്റ്റ്യൻ (സി.എ സെക്രട്ടറി) സ്വാഗതവും ബ്രദർ ജിനു വർഗീസ് (സി.എ ട്രഷറാർ) നന്ദിയും പറയും.

പ്രകൃതി രമണീയമായ ക്യാമ്പസിൽ തട്ടുകട ഉൾപ്പെടെയുള്ള രുചികരവും വിഭവസമൃദ്ധവുമായ ഭക്ഷണം, സുരക്ഷിതമായ താമസ സൗകര്യം എന്നിവ ഈ ക്യാമ്പിന്റെ പ്രത്യേകതകൾ ആയിരിക്കും. സ്കിറ്റ്, ഗെയിംസ്, ഗാന പരിശീലനം, കൊറിയോഗ്രഫി, ഗ്രൂപ്പ് ചർച്ചകൾ, വചന ധ്യാനം, പ്രാർത്ഥന സമയം, ക്യാമ്പ്ഫയർ, ക്യാമ്പ് പത്രം, കൗൺസലിംഗ്, ഡിബേറ്റ്, വീഡിയോ ഷോ തുടങ്ങിയവയും കൂടാതെ ലൈവ് ടെലികാസ്റ്റിംഗും ഉണ്ടായിരിക്കുന്നതാണ്. ക്യാമ്പിന്റെ മീഡിയ പാർട്ണറുമാരായി ക്രൈസ്തവ എഴുത്തുപുര, ഹാർവസ്റ്റ് ടി.വി എന്നിവർ പ്രവർത്തിക്കുന്നു.

ഇവാ. മാത്യു ടി. ജോണി (എറണാകുളം)നും ടീമിനോടൊപ്പം ലോകപ്രശസ്ത ക്രൈസ്തവ സംഗീതജ്ഞരായ ഡോ. ബ്ലസ്സൻ മേമന, സിസ്റ്റർ പെർസിസ് ജോൺ എന്നിവരും ക്വയറിനു നേതൃത്വം നൽകും.

ക്യാമ്പിന്റെ വിജയത്തിനായി പാസ്റ്റർ എം.എ ഫിലിപ്പ് (ജനറൽ കൺവീനർ), ബ്രദർ ജിനു വർഗീസ് (ജനറൽ കോർഡിനേറ്റർ) പാസ്റ്റർ ഷിജു വർഗീസ് (കോർഡിനേറ്റർ) എന്നിവരടങ്ങുന്ന കമ്മറ്റി ദൈവജനത്തിന്റെ പ്രാർത്ഥനയും പിന്തുണയും അഭ്യർത്ഥിച്ചിട്ടുണ്ട്.

## അകലാത്ത സ്നേഹിതൻ സംഗീതസായാഹ്നം ആഗസ്റ്റ് 13 ന്

ചാക്കോ കെ. തോമസ്

**ബെംഗളൂരു:** കർണാടകയുടെ ഗ്രാമങ്ങളിൽ ഒരു പുരുഷായുസ്സു മുഴുവൻ സുവിശേഷീകരണം നടത്തി അനേകരെ രക്ഷയുടെ മാർഗത്തിലേക്കു നയിച്ച്, നിത്യതയിൽ വിശ്രമിക്കുന്ന സുവിശേഷകൻ കെ.വി. ഏബ്രഹാം (പീച്ചി മാസ്റ്ററുടെ മകൻ) രചിച്ച അൻപതിൽപരം ക്രിസ്തീയഗാനങ്ങളെ കോർത്തിണക്കി ബാംഗ്ലൂരിലെ വിവിധ പെന്തെക്കോസ്തു സഭകളിലെ യുവജനങ്ങൾ ഇവാ. സോണി സി. ജോർജ് പുന്നവേലിയുടെ നേതൃത്വത്തിൽ ശാലോം ബീറ്റ്സിന്റെ ബാനറിൽ ആഗസ്റ്റ് 13 ഞായർ വൈകിട്ട് 5.30 നു സംഗീതസായാഹ്നം നടത്തുന്നു. ബാംഗ്ലൂർ ഹൊറമാവ്, അഗര ഐപിസി ഹെഡ്ക്വാർട്ടേഴ്സ് ഓഡിറ്റോറിയത്തിലാണ് അകലാത്ത സ്നേഹിതൻ സംഗീതസായാഹ്നം. മാത്യു ജോൺ, ഇമ്മാനുവേൽ ഹെൻറി, പെർസിസ് ജോൺ എന്നിവർ ഗാനങ്ങൾ ആലപിക്കും. പ്രശസ്ത കീബോർഡിസ്റ്റ് സുനിൽ സോളമൻ, ഓടക്കുഴൽ വിദഗ്ധൻ ജോസി ആലപ്പുഴ തുടങ്ങിയ കലാകാരന്മാർ പരിപാടിയിൽ പങ്കെടുക്കും. 'അകലാത്ത സ്നേഹിതൻ ഉത്തമകൂട്ടാളിയായ്' എന്ന ഗാനത്തിലൂടെ ഏറെ പ്രസിദ്ധനായ കെ.വി. ഏബ്രഹാം, തന്റെ രോഗശയ്യയിൽ അവസാനമായി എഴുതിയ 12 ഗാനങ്ങൾ അടങ്ങിയ 'ഇല്ലിതുപോലൊരു സ്നേഹിതൻ' സിഡിയുടെ പ്രകാശനവും നടക്കും. ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷനാണു പബ്ലിസിറ്റി.

# സ്വപ്നത്തെ യാഥാർഥ്യമാക്കിയ ദൈവം



ജെ.പി. വെണ്ണിക്കുളം

യാക്കോബിന് തന്റെ മക്കളിൽ ഏറ്റവും പ്രിയം യോസേഫിനോടായിരുന്നു. ഇത് മറ്റു മക്കൾക്ക് സഹിക്കാൻ പറ്റില്ലായിരുന്നു. എന്തിനേറെ സമാധാനമായി സംസാരിക്കാൻ പോലും അവർക്കു കഴിഞ്ഞില്ല. ഇതിനിടെയിലാണ് യോസേഫ് ഒരു സ്വപ്നം കാണുന്നത്. അത് സഹോദരന്മാർക്ക് അവനോടുള്ള പക വർധിക്കുന്നതിന് കാരണമായി. കറ്റയെ സംബന്ധിച്ചുള്ള യോസേഫിന്റെ സ്വപ്നം കേട്ടിട്ട് സഹോദരന്മാർ ചോദിച്ചു; നീ ഞങ്ങൾക്ക് രാജാവാകുമോ? നീ ഞങ്ങളെ വാഴുമോ? (ഉല്പത്തി 37:8). യോസേഫ് വീണ്ടും സ്വപ്നം കണ്ടു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവനെ നമസ്കരിക്കുന്നു! ഇക്കാര്യം അപ്പനോടും സഹോദരന്മാരോടും പറഞ്ഞപ്പോൾ അപ്പൻ അവനെ ശാസിച്ചു. ഞങ്ങൾ നിന്നെ നമസ്കരിക്കാൻ വരുമോ? ഇതു കേട്ട സഹോദരന്മാർക്ക് അവനോടു അസൂയ തോന്നിയെങ്കിലും അപ്പൻ ഈ വാക്കുകൾ മനസ്സിൽ സംഗ്രഹിച്ചു (വാക്യം 11).

അവർ അവനെ നശിപ്പിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുവാൻ തുടങ്ങി. അങ്ങനെയിരിക്കെയാണ് ആടുകളെ മേയ്ക്കാൻ പോയ സഹോദരന്മാരുടെ ക്ഷേമവിവരം അന്വേഷിക്കാൻ അപ്പൻ യോസേഫിനെ അയച്ചത്. യോസേഫിനെ കണ്ട സഹോദരന്മാർ അവൻ അടുക്കൽ എത്തും മുന്നേ അവനു വിരോധമായി ദുരാലോചന ചെയ്തു. അവനെ 'സ്വപ്നക്കാരൻ' എന്ന് വിളിച്ചു കൊന്നു കുഴിയിൽ ഇട്ടുകളയുവാൻ പദ്ധതിയിട്ടു. എന്നാൽ രൂബേന്റെ സമയോചിതമായ ഇടപെടൽ അവനെ കൊല്ലുന്നതിൽ നിന്നും അവരെ പിന്തിരിപ്പിച്ചു. അവനെ അവർ പൊട്ടകിണറ്റൽ ഇട്ടു. യഹൂദയുടെ ഇടപെടൽ ആണ് അവനെ കൊല്ലാതെ യിശ്മായേല്യ കച്ചവടക്കാർക്ക് വിൽക്കാൻ പ്രേരിപ്പിച്ചത്. യോസേഫിനെ ദുഷ്ടമൃഗം തിന്നുകളഞ്ഞു എന്ന് അപ്പനെ വിശ്വസിപ്പിക്കാൻ അവർ ഒരു കോലാട്ടുകൊറ്റനെ കൊന്നു യോസേഫിന്റെ അങ്കി രക്തത്തിൽ മുക്കി. അപ്പൻ എറിയ നാൾ മകനെച്ചൊല്ലി ദുഃഖിച്ചു.



**അവനെ 'സ്വപ്നക്കാരൻ' എന്ന് വിളിച്ചു കൊന്നു കുഴിയിൽ ഇട്ടുകളയുവാൻ പദ്ധതിയിട്ടു. എന്നാൽ രൂബേന്റെ സമയോചിതമായ ഇടപെടൽ അവനെ കൊല്ലുന്നതിൽ നിന്നും അവരെ പിന്തിരിപ്പിച്ചു.**

എന്നാൽ മിദ്യാന്യർ അവനെ ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായി അകമ്പടിനായകനായ പോത്തീഫറിന് വിറ്റു.

യഹോവ യോസേഫിനോട് കൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി (39:2). ദൈവകൃപയുള്ളവനെ പോത്തീഫർ തിരിച്ചറിഞ്ഞു. എന്നാൽ, അരുതാത്ത ചിന്തകളുമായി നടന്ന അവന്റെ ഭാര്യ യോസേഫിനെ പാപം ചെയ്യാൻ നിർബന്ധിച്ചു. പ്രലോഭനങ്ങളിൽ വീഴാതെ യോസേഫ് തന്നെത്തന്നെ സൂക്ഷിച്ചു. ഭാര്യ പറഞ്ഞ കള്ളത്തരങ്ങൾ വിശ്വസിച്ച പോത്തീഫർ യോസേഫിനെ കാരാഗൃഹത്തിൽ ആക്കി. എന്നാൽ, ദൈവം യോസേഫിനോട് കൂടെ ഉണ്ടായിരുന്നു. അവിടെയും അവൻ വിചാരകനായി.

മിസ്രയീം രാജാവിന്റെ പാനപാത്ര വാഹകനും അപ്പക്കാരുടെ പ്രമാണിയും കുറ്റവാളികളായി യോസേഫ് കിടന്ന അതെ തടവറയിൽ വന്നു. ഇരുവരുടെയും

(ശേഷം പേജ് 6)

# വിജയത്തിലെത്തിയ നേഴ്സിംഗ് സമരം




ന്യായമായ ശമ്പളം ആവശ്യപ്പെട്ട് കേരളത്തിലെ മാലാഖമാർ യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (UNA), ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ (INA) എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ ഐതിഹാസിക സമരം വിജയം കണ്ടു. കേരളത്തിൽ സ്വകാര്യമേഖലയിൽ ഒന്നരലക്ഷത്തോളം രജിസ്റ്റർ ചെയ്ത നേഴ്സുമാർ ജോലിചെയ്യുന്നുവെന്നാണ് കണക്ക്. നേഴ്സുമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം നൽകുന്ന വിജയമാണിത്. നഴ്സിംഗ് സംഘടനകൾ ആവശ്യപ്പെട്ട 20,000 രൂപ മിനിമം ശമ്പളം നൽകുന്നതിനു മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ അംഗീകാരമായി. ലോൺ എടുത്തും കിടപ്പാടം പണയപ്പെടുത്തിയും നാല് വർഷം പഠിച്ചു പ്രൊഫഷണൽ ബിരുദം നേടിയ നഴ്സുമാർക്ക് ഈ നാട്ടിലെ തൂപ്പുകാർക്ക് കിട്ടുന്ന ദിവസക്കൂലി പോലും കിട്ടാത്ത കടുത്ത അനീതിക്കാണ് അറുതിവന്നത്. ഈ അനീതിക്കെതിരേ

**കേരളത്തിൽ വന്ന് കൂലിപ്പണിചെയ്യുന്ന ബംഗാളികൾക്ക് ഒരുദിവസം 600 മുതൽ 800വരെ കിട്ടുമ്പോൾ നേഴ്സ്മാർക്ക് കിട്ടുന്നത് 300 മുതൽ 400 വരെ മാത്രമാണ്.**

സർക്കാർ സംവിധാനങ്ങൾ കണ്ണടയ്ക്കുന്നതിനെതിരേകൂടിയാണ് നഴ്സുമാർക്ക് തെരുവിലിറങ്ങേണ്ടി വന്നത്. ട്രെയിനി സ്റ്റാഫ് എന്ന ഓമനപ്പേരിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കിയവരെ നക്കാപിച്ച കൊടുത്തു ജോലി ചെയ്യിപ്പിക്കുന്ന സമ്പ്രദായത്തിനു ഇതോടെ വിരാമം കുറിക്കും എന്ന് കരുതാം.

**നഴ്സിങ് സമരം അല്പം ചരിത്രം**

നേഴ്സിങ് മേഖലയിലെ അതികഠിനമായ ചൂഷണങ്ങൾക്കെതിരെ 2011-ലാണ് യുഎൻഎയുടെ കീഴിൽ നേഴ്സുമാർ സമരം തുടങ്ങുന്നത്. പിന്നീട് പോരാട്ടത്തിന്റെ ദിനങ്ങളായിരുന്നു. 2011-ൽ സുപ്രീംകോടതിയിൽ പ്രൈവറ്റ് ഹോസ്പിറ്റലിൽ ജോലിചെയ്യുന്ന നഴ്സുമാർക്ക് ന്യായമായ ശമ്പളം ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഒരു ഹർജിയിൽനിന്നാണ് തുടക്കം. സുപ്രീം കോടതി വിഷയം പഠിച്ചു നിർദേശങ്ങൾ നല്കാനായി ഒരു സ്പെഷ്യൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി. കമ്മിറ്റിയുടെ നിർദേശപ്രകാരം 2016 ജനുവരിയിൽ സുപ്രീംകോടതി വിധി പുറപ്പെടുവിച്ചു. എല്ലാ സ്റ്റേറ്റ് ഗവണ്മെന്റുകളോടും അൻപതു ബെഡ്ഡിൽ കൂടുതലുള്ള പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് ഗവണ്മെന്റ് ഹോസ്പിറ്റലിൽ ജോലിചെയ്യുന്ന നഴ്സുമാർക്ക് തുല്യമായ അടിസ്ഥാനശമ്പളം (basic pay) ഉറപ്പുവരുത്താൻ നിർദ്ദേശിച്ചു. എന്നാൽ 95 ശതമാനം പ്രൈവറ്റ് ഹോസ്പിറ്റലുകളും ഈ വിധി നടപ്പാക്കിയില്ല.

**2013-ലെ നേഴ്സുമാരുടെ സമരം**

ഇപ്പോഴത്തെ സമരത്തിനു മുൻപ് 2013-ൽ നേഴ്സുമാർ യുൻഎയുടെ നേതൃത്വത്തിൽ സമരകൊടുംകാറ്റ് അഴിച്ചുവിട്ടിരുന്നു. അന്ന് ഗവണ്മെന്റ് ഇടപെട്ട് ഉണ്ടാക്കിയ ഒത്തുതീർപ്പ് പ്രകാരം 9,500 രൂപ മിനിമം അടിസ്ഥാനശമ്പളം നൽകാൻ ധാരണയായിരുന്നു. പക്ഷേ പല പ്രൈവറ്റ് ഹോസ്പിറ്റലുകളും ഇതിനു പുല്ലുവിലപോലും കല്പിച്ചില്ല. അവർ തുച്ഛ വേതനം നൽകി നേഴ്സുമാരെ ചൂഷണം ചെയ്തുകൊണ്ടേയിരിക്കുന്നു.

എത്ര ബുദ്ധിമുട്ടുണ്ടായാലും വർഷങ്ങളെടുത്ത് പഠിച്ചതൊഴിൽ തന്നെ തുടരണമെന്ന ആഗ്രഹമുള്ളതുകൊണ്ടാണ് പല നേഴ്സുമാരും ഇന്നും ജോലിയിൽ തുടരുന്നത്. ഇതു മുതലാക്കുകയാണ് പല ആശുപത്രിമാനേജുമെന്റുകളും.

**2017 വിജയത്തിലെത്തിയപോരാട്ടം**

2013-ൽ ഗവണ്മെന്റ് നിശ്ചയിച്ച ശമ്പളം നൽകാതെ തങ്ങളെ പറ്റിച്ച കേരളത്തിലെ 350-ലധികം വരുന്ന സ്വകാര്യ ആശുപത്രി



ഡഗ്ലസ് ജോസഫ്

മാനേജ്മെന്റുകളെ പാഠം പഠിപ്പിക്കാൻ ഉറച്ചുതന്നെയായിരുന്നു ഇത്തവണ യുഎൻ, ഐഎൻഏ എന്നിവയുടെ കൊടിക്കീഴിൽ അണിനിരന്ന നേഴ്സുമാരുടെ തീരുമാനം. 20,000 രൂപ എന്ന ആവശ്യത്തിൽ നിന്നും പിന്നോട്ടുപോകാൻ നേഴ്സിങ് സംഘടനകൾ തയ്യാറായില്ല. സമരരംഗത്ത് ഉറച്ചുനിന്ന അവർക്ക് ഇതൊരു ജീവന്മരണ പോരാട്ടമായിരുന്നു. അതാണ് ഇപ്പോൾ വിജയംകണ്ടത്. 50 കിടക്ക വരെയുള്ള ആശുപത്രികളിലെ നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20,000 രൂപയാക്കി നിശ്ചയിച്ചിരിക്കുകയാണ്.

**പരിധികളില്ലാത്തചൂഷണം**

കേരളത്തിൽ വന്ന് കൂലിപ്പണിചെയ്യുന്ന ബംഗാളികൾക്ക് ഒരുദിവസം 600 മുതൽ 800വരെ കിട്ടുമ്പോൾ നേഴ്സ്മാർക്ക് കിട്ടുന്നത് 300 മുതൽ 400 വരെ മാത്രമാണ്. മൂന്നുനാലു വർഷം പഠിച്ചു പ്രൊഫഷണൽ ഡിപ്ലോമയും, ഡിഗ്രിയും കരസ്ഥമാക്കിയ നേഴ്സുമാർക്ക് അവിദഗ്ധ ജോലിക്കാരുടെ വേതനംപോലും കിട്ടുന്നില്ല എന്ന് സാരം. ഇപ്പോഴും പല ഹോസ്പിറ്റലുകളിലും 5,000 രൂപയാണ് മാസശമ്പളം. ഇന്റേണുകൾ അഥവാ ട്രെയിനികൾ എന്ന പേരിൽ മൂന്നു കൊല്ലവും നാലു കൊല്ലവും നേഴ്സിങ് പഠിച്ചവരെ ദീർഘകാലം ചെറിയ ശമ്പളത്തിനു ജോലിയെടുപ്പിക്കുന്ന സമ്പ്രദായം മിക്ക ആശുപത്രികളിലും കാണുന്നു. ഗവൺമെന്റ് സർവീസിൽ ജോയിൻ ചെയ്യുന്ന ഒരു നേഴ്സിനു 27,000

(ശേഷം പേജ് 7)



*ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ വച്ചു നടന്ന പ്രതിഭാ സംഗമം ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്യുന്നു.*

## പ്രതിഭാ സംഗമവും അവാർഡ് വിതരണവും

**ചെറുവക്കൽ:** ഐ.പി.സി. വേങ്ങൂർ സെന്ററിന്റെയും ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രതിഭാ സംഗമവും ക്യാഷ് അവാർഡ് വിതരണവും നടന്നു. ജൂൺ 25നു പാസ്റ്റർ കെ. ബെന്നിയുടെ അദ്ധ്യക്ഷതയിൽ ചടയമംഗലം എംഎൽഎ മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്തു. എസ്എസ്എൽസിക്കും +2വിനും A+ നേടിയ ഇളമാട് പഞ്ചായത്തിലും വേങ്ങൂർ സെന്ററിന്റെറിലുമുള്ള 88 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും മെഡലും നല്കി. ഇളമാട് പഞ്ചായത്ത് പ്രസിഡന്റ് കുമാരി ചിത്ര, ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ.ഡാനിയേൽ, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി പ്രിൻസിപ്പാൾ ഡോ. രാജീവ് എം. തോമസ്, വേങ്ങൂർ സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. ഷാജി, ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി രജിസ്ട്രാർ റവ. സുനീഷ് ജോൺസൺ എന്നിവർ പ്രസംഗിച്ചു. ജനപ്രതിനിധികളും രാഷ്ട്രീയ സാമുദായിക സാംസ്കാരിക നേതാക്കളും പങ്കെടുത്തു. ജൂബിലി കൺവീനർ ബ്രദർ ജെയിംസ് ജോർജ് വേങ്ങൂർ പ്രവർത്തന വിശദീകരണവും സെന്റർ സെക്രട്ടറി പാസ്റ്റർ ജിനു ജോൺ സ്വാഗതവും ഇവാ. ജോൺസൺ ജെ. കൃതജ്ഞതയും അറിയിച്ചു. ബ്രദർ സാം സി. ഡാനിയേൽ, ഇവാ. വിൽസൺ സാമുവേൽ എന്നിവർ നേതൃത്വം നല്കി.



## ഡോക്ട്രേറ്റ് നേടി

പത്തനാപുരം: നടുത്തേരി അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗവും ടി. ചാക്കോയുടെയും തങ്കമ്മ ചക്കോയുടെയും മകനുമായ പാസ്റ്റർ ബിനു ചാക്കോ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് പുതിയനിയമ ദൈവശാസ്ത്രത്തിൽ ഡോക്ട്രേറ്റു നേടി. "ക്രിസ്തു വിജ്ഞാനീയം ഒരു സങ്കല സംസ്കാര ക്രിസ്തു വിജ്ഞാനീയം: കീഴാള ഇൻഡ്യൻ പശ്ചാത്തലത്തിലുള്ള ഒരു വ്യാഖ്യാന അന്വേഷണം" (Johannine christology as an Inter Cultural Christology: A Quest for Hermenentics in a subaltern Indian Contest) എന്ന വിഷയത്തിലാണ് ഡോക്ട്രേറ്റ് ലഭിച്ചത്. ഇപ്പോൾ ഡറാഡൂണിലുള്ള ന്യൂ തിയോളജിക്കൽ കോളേജിൽ അദ്ധ്യാപകനായിരിക്കുന്ന ഡോ. ബിജുവിന്റെ ഭാര്യ നിസി. മക്കൾ: ഷോൺ, ഷാരോൺ എന്നിവരാണ്.




പാസ്റ്റർ ജോൺ ജോർജ്ജ് ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ പുതിയ ബാച്ചിൻറെ സമർപ്പണപ്രർത്ഥന നടത്തുന്നു.പാസ്റ്റർ വി.ജെ. ജോർജ് സമീപം

## ന്യൂ ഹോപ്പ് ബൈബിൾ കോളജ് പുതിയ ബാച്ച് ആരംഭിച്ചു

**നിലമ്പൂർ:** ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ ഇരുപതാമത് ബാച്ചിന്റെ ഉത്ഘാടനം ജൂൺ 19 ന് സൌത്ത് സെൻറർ മിനിസ്റ്റർ പാസ്റ്റർ വി.ജെ. ജോർജ് നിർവ്വഹിച്ചു. സുവിശേഷകർക്ക് അത്യാവശ്യമായ സ്വഭാവ വിശേഷണങ്ങളെക്കുറിച്ച് രൂത്തിന്റെ പുസ്തകത്തിൽ നിന്നും വിവരിച്ചു. കോളേജിന്റെ ഡയറക്ടറും ഐപിസികേരളാസ്റ്റേറ്റ് കൗൺസിൽ അംഗവുമായ പാസ്റ്റർ ജോൺ ജോർജ്ജ് സമർപ്പണപ്രർത്ഥന നടത്തി. ഇൻഡ്യയുടെ 16 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ബാച്ചിലർ, ഡിപ്ലോമ എന്നീ കോഴ്സുകളിൽ ഇവിടെ പഠിക്കുന്നു. പ്രിൻസിപ്പൽ പാസ്റ്റർ സാബു മത്തായി കാതേട്ട്, രജിസ്ട്രാർ പാസ്റ്റർ ബിജു വർഗ്ഗീസ് എന്നിവർ കോളേജിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

## ക്രിസ്തീയപ്രവർത്തനങ്ങളുടെ അടിസ്ഥാനം ശരിയായ ദർശനം: റവ. വിൽസൺ ജോസഫ്

**നിലമ്പൂർ:** ക്രിസ്തീയ പ്രവർത്തനങ്ങളുടെ അടിസ്ഥാനം ശരിയായ ദർശനമാണെന്ന്ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാ ജനറൽ വൈസ്പ്രസിഡണ്ട് റവ. വിൽസൺ ജോസഫ് പറഞ്ഞു. ബൈബിളിലെ ഭക്തമാരുടെ വിജയത്തിന്റെ പിന്നിലെ കാരണം അവർക്കൊരു ദർശനമുള്ളതുകൊണ്ടാണ്. ജൂലൈ 31 ന് നിലമ്പൂർ ന്യൂ ഹോപ്പ് ബൈബിൾ കോളേജ്ജ് ഓഡിറ്റോറിയത്തിൽ നടന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ മലബാർ മേഖലയുടെ മൂന്നുവർഷത്തേക്കുള്ള വികസനപദ്ധതികളുടെ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മലബാർ മേഖല പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷനായിരുന്നു. മലബാർ മേഖലസെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ് പദ്ധതികളുടെ വിശദീകരണം നടത്തി.

യുവജനസംഘടനയായ പിവൈപിഎ മലബാർ മേഖലയുടെ വികസനപദ്ധതികളുടെ ഉദ്ഘാടനം പിവൈപിഎ സംസ്ഥാന പ്രസിഡണ്ട് സുധി എബ്രഹാം നിർവഹിച്ചു. ഇരുളിൻറെ ശക്തിയ്ക്കെതിരെ യുവജനങ്ങൾ പ്രകാശഗോപുരങ്ങളാകണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. പദ്ധതികളുടെ വിശദീകരണം പിവൈപിഎ മലബാർ മേഖല പ്രസിഡണ്ട് സാം കൊണ്ടാഴി നടത്തി. മലബാർ മേഖലാ രക്ഷാധികാരി പാസ്റ്റർ വി. ജെ ജോർജ്ജ് ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ബൈക്കുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. നിർധനരായ യുവതികൾക്ക് വിവാഹസഹായങ്ങളുടെ ഉദ്ഘാടനം പിവൈപിഎ സംസ്ഥാന വൈസ് പ്രസിഡണ്ട് പാസ്റ്റർ സിനോജ് ജോർജ് നിർവഹിച്ചു. പാലക്കാട് മുതൽ കാസർക്കോഡ് വരെയുള്ള ജില്ലകളിൽ എസ്എസ്എൽസി- ഹയർസെക്കണ്ടറി പരീക്ഷയിൽ ഫുൾ എപ്ലസ് നേടിയ പിവൈപിഎ അംഗങ്ങൾക്ക് കാഷ് അവാർഡുദാനം പിവൈപിഎ സംസ്ഥാന സെക്രട്ടറി ലൈജു ജോർജ് നിർവഹിച്ചു.



ഐപിസി മലബാർ മേഖലാ പ്രവർത്തനോദ്ഘാടനം റവ. വിൽസൺ ജോസഫ് നിർവഹിക്കുന്നു. സുധി എബ്രഹാം, പാസ്റ്റർമാരായ ബിജോയ് കുര്യാക്കോസ്, വി.ജെ. ജോർജ്, ജോൺ ജോർജ്, സിനോജ് ജോർജ് എന്നിവർ സമീപം.

## ആരാധന ആരംഭിച്ചു

**ജയ്പൂർ:** ഐപിസി നോർത്തേൺ റീജിയന്റെ പുതിയ ആരാധന ജയ്പൂർ സൺസിറ്റിയിൽ ആരംഭിച്ചു. ജോധ്വാരയിൽ നിവാര്ലുള്ള സി-9, ജി-2 ബ്ഭരൽ അപ്പാർട്ടുമെന്റിൽ പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ഹിന്ദി, മലയാളം എന്നീ ഭാഷകളിലാണ് ആരാധന. പാസ്റ്റർ എസ്. തോമസ് ഇവിടെ ശുശ്രൂഷിക്കുന്നു.

## മേഖലാസമ്മേളനം

**തിരുവനന്തപുരം:** ഐസിപിഎഫ് 33-ാമതു മേഖലാസമ്മേളനം ആഗസ്റ്റ് 25-28 വരെ ശ്രീകാര്യം - ഗാന്ധിപുരം മരിയാറാണി ക്യാംപ് സെന്ററിൽ നടക്കും. ഡോ. ഇടിച്ചെറിയാ നൈനാൻ, ഡോ. ഡി. ജോഷ്വാ, ഡോ. രാജു ജോർജ്, ഡോ. ജെയിംസ് ജോർജ്, പാസ്റ്റർ വിനോദ് ജേക്കബ് തുടങ്ങിയവർ നേതൃത്വം നൽകും. ഫോൺ - 9526688482



പിവൈപിഎ സംസ്ഥാന വൈസ്പ്രസിഡണ്ട് ഇവാ. സിനോജ് ജോർജ് മെരിറ്റ് അവാർഡ് നൽകുന്നു. സാം കൊണ്ടാഴി സമീപം

## മെറിറ്റ് അവാർഡ് നൽകി

**കോട്ടയ്ക്കൽ:** ഐപിസി മഞ്ചേരി സെൻറർ പിവൈപിഎ യുടെ ആഭിമുഖ്യത്തിൽ ഐപിസി കോട്ടയ്ക്കൽ സഭയിൽവെച്ച് ഏകദിനയുവജനസമ്മേളനവും എസ്എൽഎൽസി മെരിറ്റ് അവാർഡ് ദാനവും നടന്നു. പിവൈപിഎ സംസ്ഥാന വൈസ്പ്രസിഡണ്ട് ഇവാ. സിനോജ് ജോർജ് സമ്മേളനം ഉൽഘാടനം ചെയ്തു. പാസ്റ്റർ എ.വി. ജോൺസൺ മുഖ്യപ്രഭാഷണം നിർവഹിച്ചു. പിവൈപിഎ സെൻറർ പ്രസിഡണ്ട് സാം കൊണ്ടാഴി സ്വാഗതവും സെക്രട്ടറി വിന്നി രാജൻ നന്ദിയും അറിയിച്ചു.

VISITING VISA
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.
GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281

THUSHARA
Tiles & Granites
Near old Fire Station, Arumurikkada, Kundra
Spaniso, Vrundavan, Nenno, Johnson, Somany, Kajaria, Marbonite, Nitco, Asain, City, Sonora, Marbito തുടങ്ങിയ കമ്പനികളുടെ authorised dealer.
വെർട്ടിഫൈഡ് ടൈലുകളുടെ വൻശേഖരം
ഹോൾസെയിൽ വിലയ്ക്കു ലഭിക്കുന്ന
ഒരു വിശ്വസ്ത സ്ഥാപനം
Phone Shope: 0474-2580191, 9249121338
O.P. Xavier 9562972336, Nishandh 9846832956,
Anikkuttan 9847684821

# നേഴ്സിംഗ് സമരം

(5-ാം പേജ് തുടർച്ച)

രൂപ തുടക്കത്തിൽ ശമ്പളം ലഭിക്കുന്നു എന്നോർക്കണം. നാലും അഞ്ചും ലക്ഷം രൂപ ലോൺ എടുത്താണ് നിർധനകുടുംബങ്ങളിൽ നിന്നും, മിഡിൽ ക്ലാസ് കുടുംബങ്ങളിൽനിന്നും ഉള്ള കുട്ടികൾ നേഴ്സിങ് പഠിച്ചു പാസ്സാകുന്നത്. ജോലി ലഭിച്ചിട്ടു ലോൺ തിരിച്ചടക്കാമെന്ന മോഹം ഒരു അതിമോഹമായി മാറി. പ്രായം ചെന്ന മാതാപിതാക്കളെ സംരക്ഷിക്കേണ്ട, ഇളയ സഹോദരങ്ങളുടെ പഠനം മുന്നോട്ട് കൊണ്ടുപോകേണ്ട ബാധ്യത ഇതിനു പുറമെയാണ്, 5000 മുതൽ 10,000 വരെ കിട്ടിയാൽ ചിലവിനു തികയില്ല. പലർക്കും ബാങ്കുകൾ ജപ്തി നോട്ടീസ് അയച്ചതിനാൽ ഉള്ള കിടപ്പാടം നഷ്ടപെടുന്ന അവസ്ഥ. നേഴ്സുമാർക്ക് ഇത്ര മോശം ശമ്പളം നൽകുന്ന ഒരു ദേശം ഇന്ത്യയല്ലാതെ ലോകത്ത് വേറെയില്ല.

**നേഴ്സിങ് സമരം ഉത്തരവാദികൾ ആശുപത്രി മാനേജ്മെന്റുകൾ മാത്രമോ?**

മേല്പറഞ്ഞ ചോദ്യത്തിന് 'അല്ല' എന്നാണുത്തരം. നേഴ്സിങ് മേഖലയിൽ ആഗോളതലത്തിൽ ഉണ്ടായ മാറ്റങ്ങൾ നേഴ്സുമാരുടെ തൊഴിൽ സാധ്യതയെ ബാധിച്ചു. 1960-കളിൽ ആരംഭിച്ച ഗൾഫ്കുടിയേറ്റം നേഴ്സുമാരെ സംബന്ധിച്ചെടുത്തോളം ഒരു ചാകരയായിരുന്നു. ലക്ഷക്കണക്കിനു മലയാളി നേഴ്സുമാർ ഗൾഫിൽപോയി. കുവൈറ്റ്, യുഎഇ, ഖത്തർ, സൗദി, ഒമാൻ, ബഹറിൻ തുടങ്ങിയ ജി സിസി രാജ്യങ്ങളിലും ലിബിയ, യമൻ തുടങ്ങിയ മധ്യപൂർവേഷ്യൻ രാജ്യങ്ങളിലും ഉയർന്ന ശമ്പളത്തോടെ മലയാളി നേഴ്സുമാർ ജോലി നേടി. ആദ്യകാലങ്ങളിൽ നേഴ്സിങ്ങിനു പോകുന്ന പെൺകുട്ടികൾ കുറവായിരുന്നു. ഗൾഫുപണം കണ്ടതോടെ കൂട്ടത്തോടെ പെൺകുട്ടികളെ നേഴ്സിങ്ങിനു വിട്ടു. കർണാടകം, ആന്ധ്ര, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളും ബോംബെ, ഡൽഹി തുടങ്ങിയ മഹാനഗരങ്ങളും ഇതു മുതലാക്കി നഴ്സിംഗ് കോളേജുകൾ തുടങ്ങി. കേരളത്തിൽനിന്ന് ആയിരങ്ങൾ പഠനത്തിനായി വണ്ടികയറി. ഇന്ന് ഗൾഫ് സ്വപ്നങ്ങൾ തീരെ ഇല്ലാതായിരിക്കുന്നു. ഒരുകാലത്തു ആയിരക്കണക്കിനു നേഴ്സുമാർക്ക് അത്താണിയായ സൗദിഅറേബ്യ 'നിതാഖത്' എന്ന സ്വദേശിവൽക്കരണ പരിപാടിതുടങ്ങിയതോടെ നിരവധി നേഴ്സുമാർക്ക് ജോലി നഷ്ടപ്പെട്ടു. ലോകകമ്പോളത്തിൽ എണ്ണവില കുത്തനെ ഇടിഞ്ഞതോടെ ഇടിവെട്ടിയവനെ പാമ്പുകടിച്ച അവസ്ഥയായി. എണ്ണവരുമാനം കുറഞ്ഞതോടെ യുഎഇ, ഖത്തർ, ഒമാൻ, ബഹറിൻ തുടങ്ങിയ രാജ്യങ്ങളും റിക്രൂമെന്റ് നിർത്തി. നിരവധി പേർക്ക് ജോലി നഷ്ടമായി. ഇപ്പോൾ ജോലി ഉള്ളവർ എപ്പോൾ ജോലി പോകും എന്ന ആധിയിലാണ്.

**ഗൾഫും അമേരിക്കയും ചതിച്ചപ്പോൾ**

സ്വദേശിവൽക്കരണം, എണ്ണ വിലയിടിവ്, സാമ്പത്തികമാന്ദ്യം തുടങ്ങിയവ മൂലം നേഴ്സുമാരുടെ തൊഴിൽസാധ്യതകൾ കുറഞ്ഞതു കൂടാതെ, 2015 ഏപ്രിൽ 30 മുതൽ ഇൻഡ്യാഗവണ്മെന്റ് പ്രൈവറ്റ് ഏജൻസിവഴിയുള്ള ഗൾഫ് രാജ്യങ്ങളിലേക്കുള്ള നേഴ്സസ് റിക്രൂമെന്റ് നിരോധിച്ചു. 1200 ഓളംവരുന്ന പ്രൈവറ്റ് ഏജൻസികൾ പതിനായിരക്കണക്കിനു നേഴ്സ്മാരെ ഗൾഫിലേക്കയച്ചിരുന്നു. ആ വഴിയാണ് അടഞ്ഞത്. പകരം കേരളത്തിലെ നോർക്ക റൂട്സ്, ഒഡെപെക് തുടങ്ങിയ ആറു സർക്കാർ ഏജൻസികളെ റിക്രൂമെന്റ് ഏല്പിച്ചു. പതിനായിരക്കണക്കിന് നേഴ്സുമാർ ഗൾഫിലേക്ക് പറന്നിരുന്ന സ്ഥാനത്തു നൂറോ അഞ്ഞൂറോ നഴ്സ്മാർ പോയാലായി.

കുടിയേറ്റവിരുദ്ധ നിയമങ്ങൾ കർക്കശമാക്കിയതോടെ അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ വാതിലുകൾ നേഴ്സുമാരുടെ മുമ്പിൽ അടഞ്ഞുതുടങ്ങി. ഒരു പത്തുവർഷം മുൻപ് സിജിഎഫ്എൻ എസ് പാസ്സായ നേഴ്സുമാരെ അമേരിക്കയിലേക്ക് കൊണ്ടുപോകുന്ന നൂറുകണക്കിന് ഏജൻസികൾ ഇന്ത്യയിൽ പ്രത്യേകിച്ചു കേരളത്തിൽ ഉണ്ടായിരുന്നു. യുകെ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളും നേഴ്സിങ് മേഖലയ്ക്ക് നിയന്ത്രണങ്ങൾ എർപ്പെടുത്തി. വർഷങ്ങൾക്കു മുൻപ് ക്രിസ്ത്യൻപള്ളികൾ കേന്ദ്രികരിച്ചു നഴ്സിംഗ് പഠിച്ച നിരവധി പെൺകുട്ടികളെ ജർമനിക്കും, ഇറ്റലിക്കും കൊണ്ടുപോയിരുന്നു. അത്തരം വാതിലുകൾ എന്നേ അടഞ്ഞു.

**നഴ്സുമാർ ശമ്പളവർദ്ധനവ് തേടാനുള്ള കാരണം**

വിദേശരാജ്യങ്ങൾ ലാക്കാക്കി നേഴ്സിങ് പഠിച്ച ലക്ഷകണക്കിന് കുട്ടികളാണ് ഇന്ന് വാതിലുകൾ അടഞ്ഞതോടെ നാട്ടിൽ കുടുങ്ങിയത്. ഇത്രവേഗം ഗൾഫ്, യൂറോപ്യൻ, അമേരിക്കൻ തൊഴിൽ വിപണി ചതിക്കുമെന്നു ആരും സ്വപ്നത്തിൽപോലും വിചാരിച്ചതല്ല. ഒരു പത്തുവർഷം മുൻപു വരെ, ജനറൽ നഴ്സിംഗ് പാസായി നാട്ടിലെ ഏതെങ്കിലും ഹോസ്പിറ്റലിൽ രണ്ടുവർഷത്തെ എക്സ്പീരിയൻസ് നേടാനായി ജോലിചെയ്തിരുന്നു. ശമ്പളമായി എന്തെങ്കിലും തന്നാൽ മതി എന്നതായിരുന്നു നേഴ്സുമാരുടെ നിലപാട്. ഇത് ഹോസ്പിറ്റലുകൾ നന്നായി ചൂഷണം ചെയ്തു. ശമ്പളം തന്നില്ലെങ്കിലും എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് മതിയായിരുന്നു നേഴ്സുമാർക്ക്. രണ്ടുവർഷത്തെ ജോലിപരിചയം നേടി ഗൾഫിലേക്കോ, അമേരിക്കയിലേക്കോ പറക്കുമായിരുന്നു. പതിനായിരവും, ലക്ഷങ്ങളും സമ്പാദിച്ചു ചുരുങ്ങിയ കാലയളവിൽ കുടുംബം പച്ചപിടിച്ചിരുന്നു. ലോണിന്റെ കടഭാരം തലയിലായ, നാട്ടിൽ കുടുങ്ങിപ്പോയ നേഴ്സുമാർ ഇവിടെത്തന്നെ തങ്ങളുടെ ഭാവി കരുപിടിപ്പിക്കണം എന്ന ഗതിയിലായി. നേരത്തെ തുച്ഛമായ ശമ്പളത്തിൽ നേഴ്സുമാരെ ജോലിക്കയച്ച് തടിച്ചുകൊഴുത്ത പ്രൈവറ്റ് ഹോസ്പിറ്റൽ മാനേജ്മെന്റുകൾ ഇപ്പോൾ നേഴ്സുമാർ ചോദിക്കുന്ന ശമ്പളം നല്കാൻ കൂട്ടാക്കുന്നില്ല.

ഒരു രാഷ്ട്രീയ പാർട്ടിയുടെയും പിന്തുണ ഇല്ലാതെ നേഴ്സുമാരാൽ, നേഴ്സുമാർക്കുവേണ്ടി, നേഴ്സുമാരുടെ മുല്ലപ്പൂ വിപ്ലവം ചരിത്രത്തിലെ സുവർണ ലിഖിതമാണ്. ലോകമെമ്പാടും പുകൾപെറ്റ കേരളത്തിന്റെ നേഴ്സിങ് പാരമ്പര്യം ഇനിയും അനുസ്യൂതം തുടരട്ടെ.

# സ്വപ്നത്തെ യാഥാർഥ്യമാക്കിയ ദൈവം

(5-ാം പേജ് തുടർച്ച)

സ്വപ്നം വ്യാഖ്യാനിച്ചു യോസേഫ് അവിടെയും തന്റെ ദൈവത്തിലുള്ള ആശ്രയം വെളിപ്പെടുത്തി. പിന്നീട് ഫറവോൻ കണ്ട സ്വപ്നവും യോസേഫ് വ്യാഖ്യാനിച്ചു. ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചതിലൂടെ യോസേഫിന്റെ ചരിത്രം മാറുകയായിരുന്നു. 'നീ എന്റെ ഗൃഹത്തിന് മേലധികാരിയായിരിക്കും; നിന്റെ വാക്കു എന്റെ ജനം എല്ലാം അനുസരിച്ചു നടക്കും. സിംഹാസനം കൊണ്ട് മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും' ഫറവോൻ പറഞ്ഞു (41:40).

ഭൂതലത്തിൽ ഒക്കെയും ക്ഷാമം ഉണ്ടായപ്പോൾ യോസേഫിന്റെ ബുദ്ധിപരമായ നീക്കത്തിന്റെ ഫലം മിസ്രയേമ്യർ അനുഭവിച്ചു. സകല ദേശക്കാരും ധാന്യം വാങ്ങുവാൻ മിസ്രയീമിൽ വന്നു. അക്കൂട്ടത്തിൽ യാക്കോബിന്റെ പുത്രന്മാരും വന്നു. വർഷങ്ങൾക്കു മുൻപ് യോസേഫ് കണ്ട സ്വപ്നം അതോടെ നിറവേറി. സഹോദരന്മാർ അവനെ സാഷ്ടാംഗം നമസ്കരിച്ചു (42:6).

യോസേഫ് കണ്ട സ്വപ്നമാണ് എല്ലാ പ്രശ്നങ്ങളുടെയും തുടക്കം. ഇടക്കാലത്തു ജീവിതത്തിൽ സംഭവിച്ചതൊന്നും അത്ര സുഖകരമായ കാര്യങ്ങൾ അല്ലായിരുന്നെങ്കിലും ഏറ്റുവാങ്ങിയ ഓരോ നിന്ദയ്ക്കും കണ്ണുനീരിനും പ്രാർത്ഥനയ്ക്കും ദൈവം മറുപടി നൽകി. മിസ്രയീമിൽ ഉന്നതനായപ്പോൾ വേണമെങ്കിൽ എല്ലാറ്റിനും പകരം വീട്ടാമായിരുന്നു, എന്നിട്ടും അതു ചെയ്തില്ല. അല്പകാലത്തെക്കുള്ള നിന്ദകളെ ഉരുട്ടിക്കളയുന്ന ഒരു ദൈവം ഉയരത്തിലുണ്ട്. അവൻ നിന്നെയും മാനിക്കും.

അതെ ആ സ്വപ്നമെല്ലാം യാഥാർഥ്യമായി. അപ്പോഴും യോസേഫ് പറയും...

ഉല്പത്തി 50:20 നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിന്നു ജീവരക്ഷ വരുത്തേണ്ടതിന്നു അതിനെ ഗുണമാക്കിത്തീർത്തു.

# ഐപിസി മഹാരാഷ്ട്ര ശുശ്രൂഷക സമ്മേളനം നാഗ്പ്പൂരിൽ

**മുംബെയ്:** ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനം ഒക്ടോബർ 9-11 വരെ നാഗ്പ്പൂർ മിഷൻ ഇന്ത്യ ഓഡിറ്റോറിയത്തിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ പി. ജോയി ഉദ്ഘാടനം ചെയ്യും. ഡോ. ഇടിച്ചെറിയാ നൈനാൻ, പാസ്റ്റർ ജേക്കബ് ജോൺ എന്നിവർ പ്രധാന പ്രസംഗകരാണ്. പാസ്റ്റർമാരായ കെ. എ. മാത്യു, പി.എം. ചെറിയാൻ എന്നിവർ നേതൃത്വം നൽകും.

# ക്ലാസ് ആരംഭിച്ചു

**നിലമ്പൂർ:** ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ ഇരുപതാമതു ബാച്ചിലെ ക്ലാസ് ജൂൺ 19 ന് ആരംഭിച്ചു. പാസ്റ്റർ വി.ജെ. ജോർജ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ പാസ്റ്റർ ജോൺ ജോർജ്ജ് സമർപ്പണപ്രർഥന നിർവഹിച്ചു.



## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# ആകാശക്കാഴ്ചകൾ

ആ മനോഹരമായ കുളക്കരയിൽ അരയന്നങ്ങൾ എന്നും മീൻപിടിക്കാൻ വരുമായിരുന്നു. മനോഹര തീരത്ത് അവ എറെനേരം വിശ്രമിക്കും. കുളത്തിലുള്ള തവളയുമായി സൗഹൃദസംഭാഷണത്തിൽ ഏർപ്പെടുക പതിവായിരുന്നു.

ഒരിക്കൽ തവള തന്റെ ആഗ്രഹം പ്രകടിപ്പിച്ചു. "ഈ കുളം മടുത്തു. ഇവിടെനിന്നും ദൂരെ എവിടെയെങ്കിലും പോയി ജീവിക്കണം" കുളത്തിനു പുറത്തു വിശാലമായ ലോകത്തെക്കുറിച്ചുള്ള നിങ്ങളുടെ സംഭാഷണം അതിപ്രേരകമാകുന്നു. എങ്ങനെയെങ്കിലും എന്നെ ഇവിടെനിന്നു രക്ഷിച്ചേ മതിയാകൂ. അപ്പോഴെല്ലാം അരയന്നങ്ങൾ പറയുമായിരുന്നു; "ഈ മനോഹരതീരം വിട്ട് നീ എങ്ങും പോകരുത്. നിനക്കു വേണ്ടതെല്ലാം ഇവിടെയുണ്ട്. ഞങ്ങൾ എന്നും ഇവിടെ വരുന്നതു തന്നെ ഇതൊക്കെ കൊണ്ടാണ്. തവളയുണ്ടോ സമ്മതിക്കുന്നു... പക്ഷേ എങ്ങനെ?"

അവസാനം അരയന്നങ്ങൾ ഒരു തീരുമാനമെടുത്തു. ഒരു മരക്കൊമ്പിന്റെ രണ്ടറ്റത്ത് ഞങ്ങൾ കൊത്തിപ്പിടിക്കും. നീ അതിന്റെ നടുവിൽ കടിച്ചുതൂങ്ങിക്കിടക്കുക. അങ്ങകലെ പാറക്കെട്ടുകൾക്ക് അപ്പുറം ഞങ്ങൾ പാർക്കുന്ന സ്ഥലത്ത് നിന്നെ കൊണ്ടുപോകാം. മുൻകൂട്ടി നിശ്ചയിച്ചപ്രകാരം അവർ ഒരു ദിവസം യാത്ര ആരംഭിച്ചു. മരക്കൊമ്പിന്റെ ഇരുവശം രണ്ട് അരയന്നങ്ങൾ നടുവിൽ തവളയും.

കുളത്തിലെ തവള പ്രകൃതിയുടെ മനോഹാരിത കണ്ട് മതിമറന്നു. എന്റെ ജന്മം എന്തിനീ കുളത്തിൽ പാഴാക്കി എന്നു വിലപിച്ചു. ഒരു നിമിഷം എല്ലാം മറന്ന് ആഹ്ലാദിച്ചു. പിടിവിട്ടുപോയി... പാറക്കെട്ടിനു പുറത്തുവീണ് തവളയുടെ കഥ കഴിഞ്ഞു. സ്വപ്നങ്ങൾ പൊലിഞ്ഞുവീണു.

എവിടെയോ വായിച്ച ഒരു കഥ.

നമുക്ക് അർഹമായതു ലഭിച്ച് അതിൽ സന്തോഷത്തോടെ ശിഷ്ട ജീവിതം കഴിച്ചുകൂടാൻ തയ്യാറാകാതെ അക്കരെപ്പച്ച തോടിപ്പോകുന്ന ചില അഹങ്കാരികൾക്കുള്ള ഗുണപാഠമാണ് ഈ കഥ.

ഇപ്പോൾ ലഭിക്കുന്ന നന്മകളിൽ ഒന്നും തൃപ്തരല്ല.. പുതിയ മേച്ചൽപ്പുറങ്ങൾ തേടിയുള്ള യാത്ര അപകടം ക്ഷണിച്ചുവരുത്തുന്നു. എത്തേണ്ടിടത്ത് എത്തിച്ചേരുന്നതിനു മുൻപ് നിഗളിക്കും, അഹങ്കരിക്കും പിന്നെ എല്ലാം പെട്ടെന്നാണ്.

"നാശത്തിനു മുൻപ് ഗർവം
വീഴ്ചയ്ക്കു മുൻപ് ഉന്നതഭാവം" (സദൃ.16:18).

ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരരുത് (റോമ. 12: 13). അരയന്നത്തിന്റെ ചുണ്ടിൽ കൊത്തിപ്പിടിച്ചിരിക്കുന്ന മരക്കൊമ്പിലാണ് യാത്ര എന്നു മറക്കരുത്. ഒരുവേള നാം ഒന്നു പരിസരം മറന്നാൽ എല്ലാം തരിപ്പണമാകും.

ആത്മീയമണ്ഡലത്തിൽ നാം കാണുന്ന ജാഡകൾ കാണുമ്പോൾ മേൽപ്പറഞ്ഞ കഥയാണ് ഓർമയിൽ വരിക. നാം എവിടെയെങ്കിലും ഉന്നതങ്ങളിൽ എത്തിച്ചേർന്നെങ്കിൽ അതു ദൈവകൃപമാത്രം. അഹങ്കരിക്കാതെ ദൈവസന്നിധിയിൽ വിനയപ്പെടുക.

അനേക വമ്പന്മാർ പിടിവിട്ടുപോകുന്ന കാഴ്ച നാം ഈ നാളുകളിൽ കണ്ടുകൊണ്ടിരിക്കുന്നു. ചിലരുടെ വീഴ്ചകൾ ഭയങ്കരമാണ്. സമൂഹത്തിൽ അപഹാസ്യരാകുന്നു. തനിക്കും കുടുംബത്തിനും ആത്മീയസമൂഹത്തിനുമെല്ലാം അപമാനം.

ചിലർ വിട്ടുപോന്നതിലേക്കു തിരിച്ചുപോയി. ചിലരുടെ കൈകളിൽ വിലങ്ങുവീണു. ചിലർ സംശയത്തിന്റെ കരിനിഴലിൽ. മറ്റുചിലർക്ക് പിടിവിടാൻ അധികനേരമൊന്നും വേണ്ട, ഏതുനേരത്തും ആകാം. വന്ന വഴി മറന്നുപോയി. പണ്ട് ആരായിരുന്നെന്നോ എവിടെയായിരുന്നെന്നോ ഒന്നും ഇന്നറിയില്ല. ധനം കുമിഞ്ഞുകൂടിയപ്പോൾ എല്ലാം മറന്നു. കൂടെ ഉണ്ടായിരുന്നവരെപ്പോലും. പലരോടും ചെയ്ത വാഗ്ദാനങ്ങളും എല്ലാം... എല്ലാം... മറന്ന് ആകാശക്കാഴ്ചയിലാണ്. മറ്റൊരു ലോകത്താണ്. നീലമേഘങ്ങൾക്കിടയിലൂടെയാണു യാത്ര. "ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കിക്കൊള്ളട്ടെ" (1 കൊരി.10:12).

# പിവൈസി സംസ്ഥാനതല ഉദ്ഘാടനം

(1-ാം പേജ് തുടർച്ച)

ണ് പിവൈസിയുടെ ലക്ഷ്യം. ഇതിനോടകം ന്യൂനപക്ഷ കമ്മിഷനുമായുള്ള ചർച്ചയടക്കം വ്യത്യസ്ത വിഷയങ്ങളിൽ പിവൈസിക്ക് സമൂഹത്തിൽ ശ്രദ്ധേയമായ സ്ഥാനം കൈവരിക്കാനായിട്ടുണ്ട്.

കഴിഞ്ഞ അഞ്ചു മാസത്തിനിടയിൽ പ്രവർത്തനങ്ങളുടെ വിശാലതക്കായി വിവിധ പെന്തെക്കോസ്തു സഭകളിലെ യുവജനങ്ങളെ അണിനിരത്തിക്കൊണ്ട് ദക്ഷിണ, മദ്ധ്യ, ഉത്തരമേഖലകളും വിവിധ സ്ഥലങ്ങളിൽ ജില്ലാ കമ്മിറ്റികളും രൂപികരിച്ചിട്ടുണ്ട്. ഭാരവാഹികളുടെ സംയുക്തമായ നേതൃപഠനക്യാമ്പ് ഒക്ടോബറിൽ കല്ലുമലയിൽ നടക്കുന്നതാണ്.

ഉദ്ഘാടന സമ്മേളനത്തിൽ പിസിഐ നേതാക്കന്മാരെ കൂടാതെ വിവിധ ക്രൈസ്തവ സഭാ സാമൂഹിക സാംസ്കാരിക നേതാക്കളും ജനപ്രതിനിധികളും പങ്കെടുക്കുമെന്ന് പിവൈസിയുടെ മാധ്യമ പ്രതിനിധികളായ പാസ്റ്റർ ജെ.പി. വെണ്ണിക്കുളവും പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കലും പത്രക്കുറിപ്പിൽ അറിയിച്ചു.

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില Rs. 10/- Vol: 12 Issue No: 8 2017 AUGUST 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


## എജി സണ്ടേസ്കൂൾ അദ്ധ്യാപക സംഗമവും വിദ്യാർത്ഥി ശില്പശാലയും

**കോതമംഗലം:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അദ്ധ്യാപക സംഗമവും ടീനേജ് കുട്ടികൾക്കായുള്ള ശില്പശാലയും സെപ്റ്റംബർ 2ന് രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ കോതമംഗലം എ.ജിയിൽ നടക്കും. ദൈവമേ എന്നെയും ഉപയോഗിക്കൂ....." എന്നതാണ് മുഖ്യ ചിന്താവിഷയം. ഇന്നത്തെ വിദ്യാർത്ഥി, അദ്ധ്യാപകന്റെ സ്വപ്നം, ദൗത്യത്തിൻ അചഞ്ചലമായി, കൗമാരക്കാർ കർമ്മപഥത്തിൽ തുടങ്ങിയ വ്യത്യസ്ത വിഷയങ്ങൾ ശില്പശാലയിൽ ചർച്ചചെയ്യും. പങ്കാളിത്ത ക്ലാസുകൾക്ക് മുൻ സൺഡേ സ്കൂൾ ഡയറക്ടർ ഇവാ. പി.സി തോമസ്, അദ്ധ്യാപക-വിദ്യാർത്ഥി പരിശീലകനായ സുവി. ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ നേതൃത്വം നൽകും.

പവർപോയിന്റ്, വീഡിയോ, ചാർട്ട്‌വർക്കുകൾ, ഗ്രൂപ്പ് & ടീം വർക്കുകൾ തുടങ്ങിയ മാധ്യമങ്ങൾ ക്ലാസുകൾക്ക് ഉപയോഗിക്കും.

രാവിലെ പത്തിന് ഡയറക്ടർ സുവി. സുനിൽ പി. വർഗ്ഗീസ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം സഭാ സംസ്ഥാന സമിതി അംഗം പാസ്റ്റർ എം.എ ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. വൈകിട്ട് 3ന് മേഖലാ ഡയറക്ടർ പാസ്റ്റർ പി. ബേബി സമാപന സന്ദേശം നൽകും. സൺഡേ സ്കൂൾ സെക്രട്ടറി ഇവാ. ബാബു ജോയി, ട്രഷറർ ഇവാ. ബിജു ഡാനിയേൽ എന്നിവർ പ്രസംഗിക്കും. മേഖല- സെക്ഷൻ ഭാരവാഹികൾ സംഗമത്തിനും ശില്പശാലയ്ക്കും നേതൃത്വം നൽകും.

## പിഎച്ച്ഡി നേടി



എജി യൂണിവേഴ്സിറ്റിയിൽ നിന്നും സസ്യശാസ്ത്രത്തിൽ പി എച്ച് ഡി നേടിയ ആശ സജി. റാന്നി- ഇടക്കുളം പാറാനിക്കൽ പരേതരായ കെ.എസ്. ജേക്കബിന്റേയും കുഞ്ഞുമോൾ ജേക്കബിന്റേയും മകളും റാന്നി വേലുകിഴക്കേതിൽ ഡോ. വി.ഒ. സജിയുടെ (മെഡിക്കൽ ഓഫിസർ, ഗവ. ആയുർവേദ ഡിസ്പെൻസറി, റാന്നി) ഭാര്യയുമാണ്. ആശ സജി വടശ്ശേരിക്കര ന്യൂ ഇന്ത്യാ ദൈവസഭാംഗമാണ്.

## ട്രാക്റ്റ് എഴുത്തു മത്സരവും ബൈബിൾ ക്വിസും

**കേളകം:** മിഷൻ വോയ്സ് നെറ്റ് വർക്കിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 30 നു ട്രാക്റ്റ് എഴുത്തു മത്സരവും നവംബർ അഞ്ചിനു ബൈബിൾക്വിസും നടക്കും. വിജയികൾക്കു ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, 1, 2 പത്രൊസ് എന്നിവയിൽ നിന്നായിരിക്കും ക്വിസ്. ഫോൺ. 9497385253.






പാ. പി.ഒ. ഏലിയാസ് പാ. പി.ബി. മാത്യു പാ. പി.ഡി.ദാസ് സുവി. ബാബുപോൾ

## ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ് ഭാരവാഹികൾ

**പെരുമ്പാവൂർ:** ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ് ഭാരവാഹികളായി പാസ്റ്റർമാരായ പി.ഒ. ഏലിയാസ് (ഡയറക്ടർ), പി.ബി. മാത്യു (പ്രസിഡന്റ്), ബേബി വി. കുര്യാക്കോസ്, പി.വി. ഐസക്ക് (വൈസ് പ്രസിഡന്റുമാർ), പി.ഡി. ദാസ് (ജനറൽ സെക്രട്ടറി), സുവി. ബാബു പോൾ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ഫെലോഷിപ്പ് ഓഫീസിൽ പ്രസിഡന്റ് പി.ഒ. ഏലിയാസിന്റെ അധ്യക്ഷതയിൽ നടന്ന വാർഷികപൊതുയോഗത്തിനായിരുന്നു തിരഞ്ഞെടുപ്പ്. സെക്രട്ടറി പാസ്റ്റർ പി.ഡി. ദാസ് വാർഷിക റിപ്പോർട്ടും ട്രഷറർ സി. സുരേഷ് വരവുചെലവു കണക്കും അവതരിപ്പിച്ചു.

## ന്യൂജൻ മിഥ്യയും തിരുവചനസത്യവും

(2-ാം പേജ് തുടർച്ച)

ആവർത്തിക്കട്ടെ. ശബ്ബത്ത്, യാഗങ്ങൾ, പരിച്ഛേദന, പൗരോഹിത്യം, ദൈവാലയം, ഉത്സവങ്ങൾ ആദിയായവ സഭായുഗത്തിൽ കേവലം നിറവേറപ്പെട്ട നിഴലുകൾ മാത്രമാകയാൽ ക്രിസ്തുവിൽ അഥവാ പുതിയനിയമത്തിൽ യാതൊരു പ്രസക്തിയുമില്ലാത്തവയാണ്. തലയ്ക്കു മുകളിൽ പ്രകാശിക്കുന്ന സൂര്യനു കീഴിൽ നിഴലിനു എന്തു പ്രസക്തി?

സഭ ആചരിക്കേണ്ട വർജനങ്ങൾ അപ്പൊ. 15 മാത്രമേയുള്ളൂ എന്നു പറഞ്ഞ് ആശ്വസിച്ച് ആനന്ദിച്ചാറാടി നടക്കുന്നവർ, രണ്ടായിരം ആണ്ടത്തെ പാരമ്പര്യത്താൽ 'അവിടവിടെ നര'ബാധിച്ച എഫ്രയീമിനെപ്പോലെ ഉള്ളവരാണെന്നോർക്കണം (ഹോശെ. 7:9). ഇവർക്കു ലജ്ജയില്ലേ? പാരമ്പര്യമുണ്ടെങ്കിലും പുതിയപേരിൽ അറിയപ്പെടുന്ന 'ന്യൂജനറേഷൻ വർഷിപ്പേഴ്സി'നെക്കുറിച്ച് യിരെമ്യാവ് കൃത്യമായി പ്രവചിച്ചത് നാം ഓർക്കാതെ പോകരുത്.




ട്രാൻസ്ഫോമേഴ്സ് വിബിഎസ് തീം ആകാശക്കൊട്ടാരം സുപ്രസിദ്ധ ബാലസുവിശേഷകൻ പാസ്റ്റർ ജോൺ ഫിലിപ്പ് പ്രകാശനം ചെയ്യുന്നു. ട്രാൻസ്ഫോമേഴ്സ് പ്രവർത്തകർ സമീപം.

## ട്രാൻസ്ഫോമേഴ്സ് - 2018 വിബിഎസ് സിലബസ് പ്രസിദ്ധീകരിച്ചു

ട്രാൻസ്ഫോമേഴ്സ് വി.ബി.എസ്സ് 2018 ലെ തീം പ്രസിദ്ധീകരിച്ചു. വിഷൻ ബിൽഡിംഗ് സ്കൂൾ എന്ന പേരിൽ വി.ബി.എസ്സിന് പുതിയ മാനം നൽകിയ ട്രാൻസ്ഫോമേഴ്സ് ക്രിസ്തീയ പ്രത്യാശയുടെ മകുടമായ ക്രിസ്തുവിന്റെ രണ്ടാം വരവാണ് പുതിയ തീമിലൂടെ അവതരിപ്പിക്കുന്നത്. ആകാശക്കൊട്ടാരംഎന്ന് നാമകരണം ചെയ്തിരിക്കുന്ന തീം പുതുതലമുറക്ക് അന്യം നിന്നുപോയ സ്വർഗ്ഗീയ പ്രത്യാശ കുരുന്നു മനസ്സുകളിൽ നിറയ്ക്കുന്നതിന് കാരണമാകും. പ്രാദേശിക സഭകളുടെ സൗകര്യാർത്ഥം മൂന്നു ദിനങ്ങൾ മുതൽ ഒരാഴ്ച വരെ സംഘടിപ്പിക്കാവുന്ന തരത്തിലാണ് ട്രാൻസ്ഫോമേഴ്സ് വിബിഎസ് ഡിസൈൻ ചെയ്തിരിക്കുന്നത്. കുറഞ്ഞ ചിലവിൽ ചുരുങ്ങിയ ദിനങ്ങൾ കൊണ്ട് നടത്താവുന്ന ട്രാൻസ്ഫോമേഴ്സ് വിബിഎസിന് കഴിഞ്ഞ വർഷം വൻ വരവേല്പാണ് പ്രാദേശിക സഭകൾ നൽകിയത്.

സിലബസ് റിലീസിനോടനുബന്ധിച്ച് 2017 സെപ്റ്റംബർ 21നു ഇന്ത്യക്കകത്തും പുറത്തുമായി നൂറിൽപ്പരം സെന്ററുകളിൽ ആകാശക്കൊട്ടാരം - അന്താരാഷ്ട്ര ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നു. സ്വർഗ്ഗീയ ഭവനത്തിൽ യേശുക്രിസ്തുവിനോട് ഒരുമിച്ചുള്ള വാസം ചിത്രരചനാ മത്സരത്തിലൂടെ ദൃശ്യവൽക്കരിക്കുവാൻ കുരുന്നുകൾക്ക് അവസരം ലഭിക്കുന്നു. 3 മുതൽ 19 വയസുവരെ പ്രായമുള്ളവർക്ക് ചിത്രരചനാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ആകർഷകങ്ങളായ വിലയേറിയ സമ്മാനങ്ങൾ ട്രാൻസ്ഫോമേഴ്സ് വിജയികൾക്കായി ഒരുക്കിയിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് 9072222115, 9447454617






Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode